UNSTARRED QUESTIONS AND ANSWERS.

ബാലുശ്ശേരി ഹൈസ്കൂൾക്കെട്ടിടനിർമ്മാണം.

374. [5] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി ഹൈസ്കൂൾക്കെട്ടിടനിർമ്മാണത്തിനു് ബ്ലാക്ക് ഫണ്ടിൽനിന്നു് 5,000 രൂ. ധനസഹായം നല്കാൻ ബ്ലാക്കു് ഉപദേശകസമിതി ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) ഈ ശുപാർശ ഗവണ്മെൻറു് അംഗീകരിച്ചിട്ടുണ്ടോ ;

(സി) സംഖ്യ ഉടനെ അനുവദിക്കണമെന്നു കാണിച്ചു് ഹൈസ്കൂൾ കമ്മിറ്റി പ്രസിഡൻറു് മുഖ്യമന്ത്രിക്കു് നിവേദനം സമർപ്പിച്ചിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ആലോചനയിലിരിക്കുന്നു.

(സി) ഇല്ല.

The Kerala Education Rules, 1959.

Mr. Speaker : We will now proceed with the Education Rules. Chapter VI was held over for reconsideration of Rules 11 and 15. Now the Minister has proposed substitution of Rule 11 (2) and Rule 15 (vii). He may move those amendments.

Shri Joseph Mundasseri : Sir, I move that for the second sentence of sub-rule (2) of Rule 11, the following shall be substituted :

> "No pupil who has been convicted by a Court of Law for more than two months' imprisonment for an offence involving moral turpitude shall be admitted to any school or allowed to continue in any school without the sanction of the Government".

I also move that the following be substituted for Rule 15 (vii) :

> "(vii) he has been convicted by a Court of Law for more than two months' imprisonment for an offence involving moral turpitude."

The amendments were put and carried.

9 A. M.] **Shri Joseph Mundasseri** : I move in Chapter VIII Rule 13, add the following as new sub-rule (11) and renumber the remaining sub-rule:—

LIBRARY ARCHIVES Kerala Legislative Assembly

[Shri Joseph Mundasseri]

"(11) No pupil in the XI Standard shall be prevented from appearing for the S. S. L. C. Examination merely on the ground that he has not shown sufficient progress in his studies in that class provided that a pupil may be so prevented if he has not the requisite attendance in the classes or has not paid all fees required to be paid under the Rules. Where a pupil is proposed to be prevented from so appearing on grounds other than those specified above, the prior approval of the Director shall be necessary".

Mr. Speaker : The only amendment moved for this rule was that by Shri K. Govindankutty Menon.

The amendment was put and carried.

Chapter IX

Shri Joseph Mundasseri : I move that Rule 6 (1) of Chapter IX be recast as follows :

"Any pupil who is deliberately insubordinate or mischievous or guilty of fraud or malpractice in connection with examinations or who is found guilty of any other offence under these rules or who in the opinion of the Headmaster is likely to cause an unwholesome influence on other pupils, may be, according to the degree of offence, censured, suspended or dismissed. In case of dismissal, a report shall be sent to the Educational Officer. An appeal from the dismissed pupil shall lie to the Educational Officer.

NOTE:—(1) Temporary removal and permanent removal from rolls for misconduct also mean suspension and dismissal respectively under this Rule. 'Rolls' means mainly the Admission Register and includes also the Attendance Register.

(ii) When a pupil is dismissed he should be removed from the rolls with appropriate entries in the Admission Register. When a pupil is suspended, his name should not for the reason alone, be removed from rolls but the particulars of the suspension should be entered against his name in the Attendance Register.

(iii) If a pupil is suspended from school the headmaster shall inform the pupil's guardian of the fact.

LIBRARY ARCHIVES Kerala Legislative Assembly

(iv) Suspension and dismissal are within the competence of headmasters of secondary schools. In other schools, the Headmaster shall make recommendation to the Educational Officer who shall be competent to deal with the matter, stating in detail the facts of the case, but he may suspend the pupil until orders are received.

Mr. Speaker : An amendment was moved in respect of this Chapter by Mr. M. Narayana Kurup.

ശ്രീ. എം. നാരായണക്കുറുപ്പ്: Rule 6(1)-ൽ ആക്ഷേപാർഹമായിട്ടുള്ളതും, ഉദ്ദേശ്യത്തിനു സാദ്ധ്യതയുള്ളതുമായ ഒരു ഭാഗം ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

Mr. Speaker : Even after the rule has been redrafted?

Shri M. Narayana Kurup: "Who in the opinion of the Headmaster is likely to cause an unwholesome influence on other pupils."

ഇതാദ്യം ഉണ്ടായിരുന്നതാണ്. അപ്പോഴും ആക്ഷേപിച്ചതുമാണ്. ഇതു രൂപത്തിൽ വേണമെന്നു തോന്നുന്നില്ല. ഹെഡ്മാസ്റ്റർക്ക് ഒരു കുട്ടിയുടെ പേരിൽ അതൃപ്തിയുണ്ടെങ്കിൽ പ്രതികാരത്തിനു വഴിവയ്ക്കുന്ന ഒരു വ്യവസ്ഥയാണ് ഇതു്. അതു് എടുത്തുകളയണമെന്നാണ് എന്റെ അഭിപ്രായം. നീക്കം ചെയ്യാനൊരുക്കമില്ലെങ്കിൽ "who by his proved conduct or behaviour" എന്നുകൂടി ചേർക്കുകയെങ്കിലും വേണം.

ആദ്യത്തെ രൂപത്തിൽ 'deliberately' എന്നും 'persistently' എന്നും മറ്റും പറയുന്നുണ്ട്. എന്നാൽ, recast ചെയ്തതിൽ അതൊന്നുമില്ല. ഇങ്ങനെയൊരു വകുപ്പ് അത്യാവശ്യമാണെങ്കിൽ നിലനിർത്തുന്നതിനു ആക്ഷേപമില്ല. അത്യാവശ്യമില്ലെങ്കിൽ എടുത്തുകളയാവുന്നതുമാണ്. പക്ഷേ ഈ വ്യവസ്ഥ ഉണ്ടായിരുന്നാൽ, മറ്റു വ്യവസ്ഥകളെല്ലാം ഇതിന്റെ അടിയിൽപ്പെട്ടു് ഞെരിഞ്ഞുപോകുമെന്നുള്ളതിനു സംശയമില്ല. മറ്റു വ്യവസ്ഥകളിൻപ്രകാരമുള്ള നടപടികളെല്ലാം ഇതിലുൾക്കൊള്ളിച്ചിട്ടുണ്ട്. ആ നിലയ്ക്കു് ഇതെടുത്തുകളയണം. അതല്ല, വേണമെന്നുണ്ടെങ്കിൽ, "who by his proved conduct or behaviour" എന്നെങ്കിലും ചേർക്കേണ്ടതാണ്.

ശ്രീ. കെ. എം ജോർജ്ജ്: സർ, ഇതിൽ മൂന്നാമതു പറയുന്ന "If a pupil is suspended or dismissed from school the Headmaster shall inform the pupil's guardian of the fact." എന്നതിൽ 'if' എന്നുള്ളതു് മാറ്റി പകരം 'before' എന്നു ചേർക്കണമെന്നാണ് എന്റെ അഭിപ്രായം. ശിക്ഷിക്കുന്നതിനുമുമ്പു് രക്ഷകർത്താവിനോടുകൂടി വിവരമറിയിക്കുന്നതു് നന്നായിരിക്കും. തങ്ങളുടെ കുട്ടികളെ സംബന്ധിച്ചു് കാര്യങ്ങളറിയുവാനും അവരെ ശ്രദ്ധിക്കുവാനും നിലയ്ക്കു നിർത്തുവാനും രക്ഷകർത്താക്കൾക്കും കടമയുണ്ടല്ലോ. അതുകൊണ്ടു "According to the degree of offence, censured, suspended or dismissed". എന്ന കാര്യങ്ങളിൽ, വിവരം രക്ഷകർത്താക്കളെ അറിയിച്ചാൽ അവർക്കു് അത്തരം വിദ്യാർത്ഥികളുടെമേൽ ഒരു പ്രത്യേക മേൽനോട്ടം എടുക്കുവാനുള്ള സൗകര്യമുണ്ട്.

ശ്രീ. പി ടി ചാക്കോ: ശ്രീ. നാരായണക്കുറുപ്പു പറഞ്ഞ അഭിപ്രായം പ്രത്യേകം ആദരിക്കണമെന്നു് എനിക്കും അഭിപ്രായമുണ്ട്. പഴയകാലങ്ങളിൽ ഇങ്ങനെ രൂളുകളുണ്ടാക്കിയാൽ കുഴപ്പമൊന്നുമില്ല. ഇപ്പോൾ കാലങ്ങളൊക്കെമാറി. ഇപ്പോൾ എല്ലാവരും അവകാശങ്ങളുടെ പുറത്തുനിൽക്കുകയാണ്. അദ്ധ്യാപകന്മാരുടെയും വിദ്യാർത്ഥികളുടെയും ഇടയിൽ ചേരിതിരിവുകളും ഉണ്ട്. പ്രതികാരബുദ്ധിയോടുകൂടി വിദ്യാർത്ഥികളോടു പെരുമാറാൻ നിൽക്കുന്ന അദ്ധ്യാപകന്മാരും ഉണ്ട്. ആ മുറവിളിയിൽ ഈയൊരധികാരം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

വളരെ ഉപദ്രവം ചെയ്യാൻ ഇടയുണ്ടെന്നാണെന്റെ അഭിപ്രായം. "Who in the opinion of the Headmaster is likely to cause an unwholesome influence on other pupils". ഇങ്ങനെ ഹെഡ്മാസ്റ്ററുടെ അഭിപ്രായത്തിനുമാത്രമായി ഇതു വിടേണ്ടയാവശ്യമില്ലെന്നാണ് എനിക്കു തോന്നുന്നതു്. ഈ റൂളുകളിൽത്തന്നെ വളരെ വിശദമായി പറഞ്ഞിട്ടുണ്ടു്, ഇതിലേ ഏതെങ്കിലും റൂൾ ലംഘിച്ചാലും, ശിക്ഷിക്കുന്നതാണെന്നു്. അതിനുള്ള വ്യവസ്ഥകളും റൂളുകളിൽ ഉണ്ടു്. "Any pupil who is deliberately insubordinate or mischievous or guilty of fraud or malpractice in connection with examinations or who is found guilty of any other offence under these rules." എന്നു പറഞ്ഞിട്ടു 'unwholesome influence' കൂടി ഒരു കോറമാക്കി അതിന്റെ ഡിസ്ക്രീഷൻ ഹെഡ്മാസ്റ്റർക്കു് കൊടുക്കുന്നതു് ശരിയായിരിക്കുകയില്ല. എന്താണു് ഈ 'unwholesome influence'? അതിന്റെ നിർണ്ണയത്തിൽത്തന്നെ അഭിപ്രായവ്യത്യാസം വരാനിടയുണ്ടു്. "unwholesome' ആണെന്നു ഞാൻ വിചാരിക്കുന്ന കാര്യങ്ങളും 'unwholesome' അല്ലെന്നു ഒരുപക്ഷേ മന്ത്രി വിചാരിച്ചേക്കാം. അതുകൊണ്ടു 'unwholesome influence' എന്നു അവ്യക്തമായി ഇവിടെ വ്യവസ്ഥചെയ്യുന്നതു ശരിയല്ല. അതുപേക്ഷിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ശ്രീ നാരായണക്കുറുപ്പും [ശ്രീ. പി. ടി. ചാക്കോയും പറഞ്ഞ അഭിപ്രായത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഇവിടെ ചാപ്റ്റർ 6 (1)-ൽ പല കാര്യങ്ങളും പറയുന്നുണ്ടു്. അക്കൂട്ടത്തിൽ, "Any pupil who is deliberately insubordinate or mischievous or guilty of fraud or malpractice in connection with examinations or who is found guilty of any other offence under these rules or who in the opinion of the Headmaster is likely to cause an unwholesome influence on other pupils" എന്നു കാണുന്ന വാചകം വളരെ വേഗം ആയിട്ടുള്ളതാണു്. എന്താണു് 'unwholesome influence' എന്നുള്ളതു് ഡിഫൈൻ ചെയ്യുത്തക്കതല്ല. എന്തെങ്കിലും ഒരു ചെറിയ കാരണത്താൽ ഹെഡ്മാസ്റ്റർ ഒരു കുട്ടിയുടെ നേരെ അതൃപ്തി തോന്നി ആ കുട്ടിയെപ്പറ്റി വിദ്യാർത്ഥികളുടെ മേൽ 'unwholesome influence' ചെലുത്തിയെന്നു അഭിപ്രായപ്പെട്ടാൽ മാത്രംമതി, ആ കുട്ടിയെ ശിക്ഷിക്കാൻ. ഇതു വളരെ ആർബിട്രറി ആയിട്ടുള്ള ഒരു റൂളാണു്. ഇന്നത്തെ കാലത്തു് സ്വാതന്ത്ര്യത്തിനുവേണ്ടി വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും സമരം ചെയ്യുകൊണ്ടിരിക്കുകയാണു്. അങ്ങനെയിരിക്കെ, അദ്ധ്യാപകന്മാർ സ്ട്രൈക്കിനിറങ്ങുമ്പോൾ ഏതെങ്കിലും കുട്ടികൾ അതിനെതിരായി അഭിപ്രായം പുറപ്പെടുവിച്ചാൽ, ഹെഡ്മാസ്റ്ററുടെയോ, അല്ലെങ്കിൽ മറ്റദ്ധ്യാപകന്മാരുടെയോ ദൃഷ്ടിയിൽ ഇവൻ മറ്റു വിദ്യാർത്ഥികളുടെമേൽ 'unwholesome influence' ചെലുത്തി എന്നുപറയാം. ഒരു കുട്ടി പറഞ്ഞാൽ, അതനുസരിച്ചു പ്രവർത്തിക്കുവാൻ മറ്റു കുട്ടികൾ തയ്യാറായി എന്നുവരാം. അപ്പോൾ വിദ്യാർത്ഥികളുടെ കാര്യത്തിൽ അതു് unwholsome influence ആയിത്തീരും. പോരെങ്കിൽ ഹെഡ്മാസ്റ്ററുടെ അഭിപ്രായത്തിൽ എന്നുകൂടി പറഞ്ഞിട്ടുണ്ടു്. അതിനും പുറമെ "or who in the opinion of the Headmaster is likely to cause an unwholesome influence on other pupils" എന്നാണു പറയുന്നതു്. ഇവിടെ 'likely to cause' എന്നു പറയുന്നതുകൊണ്ടു് അങ്ങനെ ആയിരിക്കണമെന്നതന്നെ നിർബ്ബന്ധമില്ല. ഹെഡ്മാസ്റ്ററുടെ അഭിപ്രായത്തിൽ അങ്ങനെയാകാനിടയുണ്ടെന്നു തോന്നിയാൽമാത്രംമതി. ഇതു മേലാൽ പഠിക്കാൻവരുന്ന കുട്ടികൾക്കു് ഭീഷണകരമായിട്ടുള്ള ഒരു വ്യവസ്ഥയാണു്. ഹെഡ്മാസ്റ്ററെയോ, അല്ലെങ്കിൽ വാദ്ധ്യാന്മാരെയോ തൃപ്തിപ്പെടുത്തുവാനുള്ള നോട്ടം ഇന്നത്തെ വിദ്യാർത്ഥികൾക്കില്ല. പണ്ടൊക്കെയായിരുന്നു അതു്. ഇന്നു കുട്ടികൾ ഗുരുക്കന്മാരെ അനുസരിക്കാത്ത കാലമാണു്. പണ്ടത്തെ ഗുരുകുലവാസമെല്ലാം പോയി ഇപ്പോൾ കുട്ടികൾ താനെ വന്നു പഠിച്ചുകൊള്ളും.

LIBRARY ARCHIVES Kerala Legislative Assembly

പരീക്ഷതന്നെ വേണ്ട, സ്കൂളിൽ വരണം, പോകണം അതുകൊണ്ട് പരീക്ഷയിൽ ജയിക്കണമെന്നുള്ള രീതിയിലാണ്. ഇപ്പോൾ വിദ്യാഭ്യാസകാര്യങ്ങൾ നടക്കുന്നതുതന്നെ. നാം ഇവിടെത്തന്നെ ഒരു നിയമം ഉണ്ടാക്കിയപ്പോൾ, പരീക്ഷയിൽ ചേർന്നില്ലെങ്കിൽ ഹാജർ ഉണ്ടെങ്കിൽ പ്രമോഷൻ കൊടുക്കാമെന്നു വരെ സമ്മതിച്ചിരിക്കുകയാണ്. അങ്ങനെയൊരു നില വന്നിട്ടുണ്ട്. ഇതിൽ പറയുന്നതു് ഒരു ക്ലാസിലെയോ, സ്കൂളിലെയോ ഒരു സംഘം കുട്ടികളെ സ്വാധീനപ്പെടുത്തിയാൽ കുട്ടി കുറക്കാരനാകുന്നുവെന്നല്ല; നാലോ, അഞ്ചോ കുട്ടികൾ ഒരു കുട്ടിയുടെ അഭിപ്രായത്തിനനുസരിച്ചു സംഘം ചേർന്നു നടക്കുന്നതു കണ്ടാൽമതി ഒരു ഹെഡ്മാസ്റ്റർക്ക് ആ കുട്ടിയുടെ പേരിൽ ഈ കുറ്റം ആരോപിക്കാം. ഏതെങ്കിലും ഒരു നല്ല കാര്യത്തിനു് ഒരു വിദ്യാർത്ഥി അവന്റെ കൂട്ടുകാരെ വശപ്പെടുത്തിയാൽമതി, അവർ സംഘം ചേർന്നു നടക്കുന്നതും പെരുമാറുന്നതും കണ്ടാൽ ഉടനെ അവൻ വാദ്ധ്യാരുടെ നോട്ടപ്പുള്ളിയാകും. 'he is causing unwholesome influence on the pupils' എന്നുംമറ്റും പറഞ്ഞാൽ വളരെ വേഗായിട്ടുള്ള കാര്യങ്ങളാണ്. നേരിയ കാരണങ്ങളാൽ വിദ്യാർത്ഥികളെ ശിക്ഷയ്ക്കു വിധേയരാക്കുന്ന ഇത്തരം ചട്ടങ്ങൾ എഴുതി വയ്ക്കുന്നതു് കുട്ടികളുടെ സ്വതന്ത്രമായ വളർച്ചയ്ക്കും, വിദ്യാഭ്യാസ പുരോഗതിക്കും പറ്റിയതല്ല. ഇതിൽ ചേർത്തിരിക്കുന്നതെല്ലാം തീരെ അനുചിതമായ വാചകങ്ങളാണ്.

മി. സ്പീക്കർ : മി. ചാഴിക്കാടൻ ഇതു പല പ്രാവശ്യം പറഞ്ഞല്ലോ.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ഞാൻ ഇതുയൊക്കെ പറഞ്ഞിട്ടും ബഹുമാനപ്പെട്ട മന്ത്രിയുടെ മുഖത്തിനു ഒരു ഭാവഭേദവും കാണുന്നില്ല.

മി. സ്പീക്കർ : മന്ത്രിയുടെ മുഖഭാവം മാറുന്നതുവരെ കാര്യം പറയാനാണോ ഭാവം ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, വിദ്യാഭ്യാസമന്ത്രി റീഡ്രാഫ്റ്റു ചെയ്തുകൊണ്ടുവന്ന ഭേദഗതിയിൽ, എന്തെല്ലാം മാറാനുണ്ട്, അതിൽ ഭേദഗതി ചെയ്യാനുള്ളതു് ഏതൊക്കെയാണ് എന്നു പരിശോധിക്കുകയാണ്. ഋണകരമായ രീതിയിൽ അതിനെപ്പറ്റി ഡിസ്കഷൻ നടത്തുമ്പോൾ ഇതുയും നേരം ഞാൻ പറഞ്ഞ കാര്യങ്ങൾ എന്തെങ്കിലും ബഹുമാനപ്പെട്ടമന്ത്രി കാര്യമാക്കിയിട്ടുണ്ടോ എന്നു പരിശോധിച്ചതിൽ ആ മുഖത്തു നോക്കിയതിൽ 'അങ്ങട്ടുമിങ്ങട്ടും പ്രസാദമില്ല' എന്ന മട്ടിൽ ഇരിക്കുന്നതേയുള്ളു. അതാണു ഞാൻ ആവർത്തിച്ചാവർത്തിച്ചു് ഈ കാര്യം പറയുന്നതു്. ഏതായാലും ഈ വാചകത്തിൽ, 'or' എന്നുകഴിഞ്ഞുവരുന്ന ഭാഗം എടുത്തുകളയണമെന്നുള്ള എന്റെ മുൻഗാമികളുടെ അഭിപ്രായത്തോടു് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്കും ഇതിന്റെ ആവശ്യം ബോദ്ധ്യപ്പെട്ടതായി തോന്നുന്നു.

Shri Joseph Mundassery: I am agreeable to accept the words "by his proved conduct is" being inserted in sub-rule (1); as also to substitute "before" for "if" in Note (iii).

Smt. Leela Damodara Menon: I objected to the word 'censure' in Rule 6(1) 'public censure' is really more serious than even suspension especially to sensitive students. I suggest therefore that the words 'strict warning' may be substituted.

ശ്രീ. ടി. എ. തൊമ്മൻ : സർ, സസ്പെൻഷൻ, ഡിസ്മിസ്സൽ എന്നീ ശിക്ഷകളെ സംബന്ധിച്ചിടത്തോളം കുട്ടികളുടെ രക്ഷിതാക്കളെ വിവരം അറിയിക്കുന്നതുപോലെ സെൻഷർ (censure)ചെയ്യുമ്പോഴും കുട്ടിയുടെ രക്ഷകർത്താവിനെ വിവരം അറിയിക്കേണ്ടതാണ്. സെൻഷർ നടത്തുന്നതിനു് അധികാരപ്പെട്ടത്തപ്പെട്ടആളാരാണെന്നു് ഇതിൽ പറയുന്നില്ല. ഇതിൽ പറഞ്ഞിരിക്കുന്നതു്; suspension and dismissal are within the competence of Headmasters of Secondary Schools. In other schools the Headmaster shall make the recommendation to the Educational Officer" എന്നാണു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എ. തൊമ്മൻ]

സെൻഷർ ചെയ്യേണ്ടതു് ആരാണെന്നു വ്യക്തമാക്കിയിട്ടില്ല അതു വ്യക്തമായി പ്രസ്താവിക്കണം മാത്രമല്ല, സെൻഷർ ചെയ്യുമ്പോൾ വിവരം രക്ഷകർത്താവിനെക്കൂടി അറിയിക്കേണ്ടതാണു്. അതിലേയ്ക്കുള്ള വ്യവസ്ഥകൂടി ചേർക്കണം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: സർ, ശ്രീമതി ലീലാ ദാമോദരമേനോന്റെ ഭേദഗതിയെ ഞാൻ ശക്തിമത്തായി പിൻതാങ്ങുകയാണു്. സെൻഷർ (censure) എന്ന വാക്കു് എടുത്തുകളയണമെന്നും, പകരം 'വാർണിംഗ്' എന്ന വാക്കു് ചേർക്കണമെന്നുമാണു് എന്റെ അഭിപ്രായം. കുട്ടികളെ സെൻഷർ നടത്തുന്നതിനെക്കാൾ, അവർക്കു് തക്കസമയത്തു് ഇന്നു് ഹെഡ്മാസ്റ്റർമാരും, ടീച്ചേഴ്സും നൽകാറുള്ളതുപോലെ വാർണിംഗ് കൊടുത്തു അതായതു സന്ദർഭങ്ങളിൽ പരിഹാരം കാണുന്നതായിരിക്കും നല്ല രീതി. ഈ ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ കെ. ഹസ്സൻ ഗനി: എന്റെ അഭിപ്രായവും അതുതന്നെ.

Shri P. T. Chacko: I would suggest that the words "by the Headmaster" may be added at the end of the first sentence in Rule 6 (1) after the word "dismissed". Then it will ensure that censure is done by the Headmaster. Otherwise the monitor of the class may be asked to censure the guilty boy in the open class. That is also censuring. So to be free from doubt the words 'by the Headmaster' may be added.

ശ്രീ. കെ സി. ഏബ്രഹാം: സർ, സഹപാഠികളുടെ മുൻപിൽവച്ചു് ഒരു വിദ്യാർത്ഥിയെ സെൻഷർചെയ്യുക എന്നു പറഞ്ഞാൽ, അതിൽപരം പരിഹാസ്യമായ ഒരു നില ഉണ്ടാകാനില്ല. Sensitive ആയ ചില കുട്ടികളുടെ കാര്യത്തിൽ ഇത്തരം നടപടികൾ വളരെ കുഴപ്പത്തിൽ കലാശിച്ചെന്നുംവരും. നിസ്സാരങ്ങളായ ചില കുറ്റങ്ങൾക്കു ഇന്നു് വിദ്യാലയങ്ങളിൽ ഹെഡ്മാസ്റ്റർമാരും, അദ്ധ്യാപകരും അനുവർത്തിച്ചുവരുന്ന രീതി കൈക്കൊള്ളുന്നതായിരിക്കും നല്ലതു്. കുട്ടിയെ തക്ക സമയത്തു് വാർണിംഗ് കൊടുത്തു കുറ്റങ്ങളിൽനിന്നു പിൻതിരിപ്പിക്കാം. അങ്ങനെയല്ലാതെ ഇതിൽ പറയുന്നതുപോലുള്ള സെൻഷർ നടപടി ആശാസ്യമായ ഒരു ശിക്ഷണനടപടിയായി തോന്നുന്നില്ല. വിദ്യാർത്ഥികളുടെ അഭിമാനബോധത്തിനു് ഈ നടപടി തികച്ചും പരിക്കേറ്റതല്ല. ഇവിടെ ഇരിക്കുന്നവരെല്ലാം സ്കൂളുകളിൽ പഠിച്ചിട്ടുള്ളവരാണല്ലോ. ഇത്തരം സന്ദർഭങ്ങളിൽ ഓരോരുത്തർക്കും എന്തെല്ലാ മനോഭാവങ്ങളും, വികാരങ്ങളും ഉണ്ടാകുമെന്നു മനസ്സിലാക്കാവുന്നതേയുള്ളൂ. കുട്ടികളെ സംബന്ധിച്ചിടത്തോളം, അവരുടെ വികാരങ്ങൾ പ്രണപ്പെടുത്തുന്ന നടപടികൾ നാം സ്വീകരിക്കുന്നതു ശരിയായിരിക്കുകയില്ല. ഇതു് എടുത്തുകളയണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. പി. ഗോവിന്ദപ്പിള്ള: 'സെൻഷർ നടത്തുന്നതു്' പബ്ലിക്കായിട്ടാണെന്നു് ആരുപറയുന്നു? അതും രഹസ്യമായിട്ടാകരുതോ?

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: മി. ഗോവിന്ദപ്പിള്ളയെ ഞാൻ രഹസ്യമായിട്ടു് വിളിച്ചു് അഭിമാനത്തിനു ക്ഷതംനേരിടുന്നവിധത്തിൽ എന്തെങ്കിലും കുറ്റപ്പെടുത്തുകയോ, ശകാരിക്കുകയോ ചെയ്താൽ സമാധാനമായി അതു കേൾക്കാൻ മനസുണ്ടാകുമോ? കുട്ടികളുടെ കാര്യമാണെങ്കിലോ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: അതിൽ അത്ര വലിയ അഭിമാനക്ഷതമൊന്നും കരുതാനില്ല. കുറ്റംചെയ്തതുകൊണ്ടാണല്ലോ.

ശ്രീ. കെ. സി. ഏബ്രഹാം: ചില കുട്ടികൾ ഇതിന്റെ പേരിൽ ആത്മഹത്യചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, സൂക്ഷിക്കണം, ആത്മഹത്യയുടെ കാര്യം പറയുന്നു.

മി. സ്പീക്കർ : ആർഡർ, ആർഡർ. ഇങ്ങനെ എല്ലാവരുംകൂടി ചോദ്യം ചോദിക്കാനും സംസാരിക്കാനും തുടങ്ങിയാൽ എങ്ങനെയാണ് ?

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : കാര്യത്തിന്റെ ഗൗരവംകൊണ്ട് പറഞ്ഞുപോകുന്നതാണ്.

മി. സ്പീക്കർ. പറയുന്നതിനെപ്പറ്റിയല്ല ; നാലുവശത്തുനിന്നും ശബ്ദം ഉയർന്നാൽ അതു ഈ സഭയുടെ അന്തസ്സിനു തന്നെ കുറവല്ലേ ?

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : കുട്ടികളെ ആത്മഹത്യവരെ ചെയ്തിട്ടുള്ള സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനെപ്പറ്റി ആവേശപൂർവ്വം സംസാരിച്ചുപോയതാണ്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഹെഡ്മാസ്റ്റർ അല്ലാതെ മോണിറ്ററെക്കൊണ്ട് സെൻഷർ കൊടുപ്പിക്കുക എന്നുള്ളതു നടക്കുകയില്ല. ഒരു ഹെഡ്മാസ്റ്ററും അങ്ങനെ ചെയ്യുകയുമില്ല. സെൻഷർ എന്നുള്ളതിനുപകരം കോർപ്പറൽ പണിഷ്മെൻറ് അതായതു്, അടിശിക്ഷയായിരുന്നു ആദ്യം നിശ്ചയിച്ചിരുന്നതു്. അടിശിക്ഷ കൊടുക്കുന്നതു കാട്ടാളത്തരമായ ഒരു ശിക്ഷയാണെന്നും, അതു് ശരിയായിട്ടുള്ള ഒരു ശിക്ഷയല്ലെന്നും പറഞ്ഞതുകൊണ്ട് യഥാർത്ഥത്തിൽ കുറ്റം ചെയ്യുന്ന കുട്ടികളെ വിളിച്ചുവരുത്തി അവരെ കുറ്റപ്പെടുത്തുന്നതിനുള്ള ഒരേർപ്പാടായിട്ടാണ് സെൻഷർ വച്ചിരിക്കുന്നതു്. സെൻഷറപ്പറ്റിയുള്ള ഈ ഒരു പായിൻറ് ക്ലാരിഫൈ ചെയ്യുവാൻവേണ്ടിയാണ് ഞാൻ എഴുന്നേറ്റുനിന്നതു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി. സി. നാരായണൻനമ്പ്യാർ അടിശിക്ഷ എടുത്തുകളയുവാൻ ഇപ്പുറത്തുനിന്നു എല്ലാവരും വാദിച്ചു എന്നു പറയുകയുണ്ടായി.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഞാൻ ഇങ്ങനെ പറഞ്ഞില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഞാൻ പറഞ്ഞതു ഒന്നു അവസാനിപ്പിച്ചുകൊള്ളട്ടെ. അടിശിക്ഷ എടുത്തുകളയുവാൻ എല്ലാവരും വാദിച്ചുവെന്നും, അതിനു പകരമാണു സെൻഷർ എന്ന വാക്കു വച്ചിട്ടുള്ളതെന്നും പറഞ്ഞു. അടിശിക്ഷയെക്കാൾ വെറുപ്പുണ്ടാക്കുന്ന ഒരു ശിക്ഷയാണ് സെൻഷർ എന്നുള്ളതു്. സെൻഷർ എന്നുള്ള ശിക്ഷ വളരെ അപകടമുള്ള ഒരു ശിക്ഷയാണെന്നു ഒന്നു ഇരുന്നു ചിന്തിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. സി. അച്യുതമേനോൻ : വാണിംഗും സെൻഷറും തമ്മിലുള്ള വ്യത്യാസം എന്താണെന്നു മി. കെ. സി. ഏബ്രഹാം ഒന്നു പറഞ്ഞുതന്നാൽ കൊള്ളാമായിരുന്നു. ഒരു വിദ്യാർത്ഥി എന്തെങ്കിലും കുറ്റംചെയ്താൽ ആ വിദ്യാർത്ഥിയെ മറ്റു കുട്ടികളുടെ മുൻപിൽവച്ചോ, സ്വകാര്യമായോ ആ വിദ്യാർത്ഥിയെ കുറ്റപ്പെടുത്തുന്നതിനാണു സെൻഷർ എന്നു പറഞ്ഞിരിക്കുന്നതു്. അതുപോലെതന്നെ കുറ്റംചെയ്യുന്ന വിദ്യാർത്ഥിയെ വിളിച്ചു വിദ്യാർത്ഥി ചെയ്തതു കുറ്റമാണെന്നും മേലാൽ അതാവർത്തിക്കരുതെന്നു പറഞ്ഞു കുറ്റപ്പെടുത്തുന്നതാണു വാണിംഗ് (warning) എന്നുള്ളതു്. അപ്പോൾ ഇതും രണ്ടും തമ്മിൽ എന്താണു വ്യത്യാസം ?

ശ്രീ. കെ. സി. ഏബ്രഹാം : ഒരു കുട്ടിയെ ഹെഡ്മാസ്റ്ററുടെ മുറിയിൽ വിളിച്ചു വാണിംഗ് കൊടുക്കുകയാണെങ്കിൽ ആ കുട്ടി സന്തോഷത്തോടുകൂടിയായിരിക്കും മുറിയിൽനിന്നു പോകുന്നതു്. അതുപോലെയല്ല സെൻഷർ എന്നുള്ള ശിക്ഷ. സെൻഷർ പബ്ലിക്കായിട്ടു ചെയ്യുകയാണെങ്കിൽ അതു് കുട്ടിയുടെ ആത്മാഭിമാനത്തിനു ക്ഷതം വരുത്തുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

Shri P. Govinda Pillai : But it is not clear how censure is necessarily public.

ശ്രീ. കെ. സി. ഏബ്രഹാം : പബ്ലിക്കായിട്ടല്ലെന്നു എവിടെ പറഞ്ഞിരിക്കുന്നു ?

Mr. Speaker: Only one member should be standing at a time.

ശ്രീ. പി. ടി. ചാക്കോ : പബ്ലിക്ക അല്ലായെന്നു എല്ലാ ഡിക്ഷണറിയിലുണ്ട് ?

Mr. Speaker : I would like to know how the Minister reacts to the suggestion.

Shri Joseph Mundasseri : I do not accept the suggestion. As some of my friends said censure need not necessarily be a public punishment. The Headmaster in his own room or in the presence of another teacher may censure the student. So I do not accept the suggestion.

The amendment of Smt. Leela Damodara Menon was put and lost.

Mr. Speaker : What about the amendment of Mr. P. T. Chacko for the addition of the words " by the Headmaster "?

Shri Joseph Mundassery : That is acceptable.

Mr. Speaker : There are so many oral amendments to this Rule. I will put them one by one.

The amendment of Shri P. T. Chacko that in sub rule (1) the words " by the Headmaster " may be added after the word " dismissed " at the end of the first sentence was put and carried.

The amendment by Shri M. Narayana Kurup to substitute the words " by his proved conduct is " after the word ' who ' in line 4 was put and carried.

The amendment that in the Note (ii) the word " that " be substituted for the word " the " in the second sentence between the words ' for ' and ' reason ' was put and carried.

The amendment of Shri K. M. George to change the word " If " into " Before " at the beginning of Note (iii) was put and carried.

Shri Joseph Mundassery : I may be allowed to read the meaning of the word " censure " as given in the Dictionary. Censure means expression of disapproval.....

Mr. Speaker : That amendment has already been lost.

The amendment to delete the words " who in the opinion of the Headmaster is likely to cause an unwholesome influence on other pupils " was put and lost.

LIBRARY ARCHIVES Kerala Legislative Assembly

The redrafted Rule moved by the Minister for Education modified in the following form and carried. In Chapter IX, rule 6 (1) shall be recast as follows:—

6. (1) "Any pupil who is deliberately insubordinate or mischievous or guilty of fraud or malpractice in connection with examinations or who is found guilty of any other offence under these rules or who by his proved conduct is in the opinion of the Headmaster likely to cause an unwholesome influence on other pupils, may be, according to the degree of offence, censured, suspended or dismissed by the Headmaster. In case of dismissal, a report shall be sent to the Educational Officer. An appeal from the dismissed pupil shall lie to the Educational Officer.

NOTE: (i) Temporary removal and permanent removal from rolls for misconduct also mean suspension and dismissal respectively under this rule. "Rolls" means mainly the Admission Register and includes also the Attendance Register.

(ii) When a pupil is dismissed he should be removed from the rolls with appropriate entries in the Admission Register. When a pupil is suspended, his name should not for that reason alone, be removed from rolls but the particulars of the suspension should be entered against his name in the Attendance Register.

(iii) Before a pupil is suspended or dismissed from school the Headmaster shall inform the pupil's guardian of the fact.

(iv) Suspension and dismissal are within the competence of Headmasters of Secondary Schools. In other schools, the Headmaster shall make recommendation to the Educational Officer who shall be competent to deal with the matter, stating in detail the facts of the case, but he may suspend the pupil until orders are received.

Shri Joseph Mundassery: Sir, I move:

"In the amendment by Shri T. A. Thomman for insertion of a new Rule (30) in Chapter XII the following words shall be added at the end:—

"The management or teachers of which do not receive any kind of aid or grant or other financial help directly or indirectly from Government".

The following modified form of the amendment of Shri T. A. Thomman was put and carried:—

In Chapter XII the following shall be added as rule 30:—

"30. Nothing in this Chapter shall apply to Minority Schools, the management or teachers of which do not receive any kind of aid or grant or other financial help directly or indirectly from Government".

LIBRARY ARCHIVES Kerala Legislative Assembly

Shri Joseph Mundassery : I move : Substitute the following for the existing provision in Chapter XIII.

" Any person employed as a teacher in a school shall not be eligible to continue as a teacher if he—

(i) is remuneratively employed in any profession other than teaching or undertakes any occasional remunerative extra work not specially permitted by the Rules, without the sanction of the Department ;

(ii) has been convicted of any offence involving moral turpitude ;

(iii) is physically unfit to serve efficiently as a teacher or is suffering from any contagious or communicable disease ;

(iv) has been removed permanently from the Register of qualified teachers maintained under Rules previously in force ;

(v) behaves towards his pupils, their parents, the Headmaster, the Manager, or any Educational Officer or towards anybody in any manner grossly unbecoming of a teacher ;

(vi) refuses to obey orders communicated to him by the officers of the Department or violates any of the Rules under the Act and other Rules applicable to him ;

(vii) refuses to undergo a course of training within a reasonable time after being required to do so ;

(viii) has completed the age of retirement fixed by the Rules or orders of the Government or the age of sixty whichever is less ;

NOTE.—This does not affect the continuance till the end of the school year in cases where the date of superannuation falls within the course of the school year but not within one month from the date of reopening of the schools that year ;

(ix) wilfully infringes any conditions of service in the school ; and

(x) is directly or indirectly, solely or in conjuction with others, the editor or the proprietor of any newspaper, magazine or periodical other than a publication devoted to art, science, or literature, without the written sanction of the Director.

ശ്രീ. പി. ടി. ചാക്കോ : സർ, ഈ റൂളിലെ 3-ാം ഉപറൂളിൽ അപ്പീൽ കൊടുപ്പാൻ ഉണ്ടായിരുന്നതായിട്ടാണ് പറഞ്ഞിരുന്നത്.

"....or is suffering from any contagious or communicable disease". എന്നു പറഞ്ഞിട്ടുണ്ട്. ഒരു ഡോക്ടർ പറയുന്ന ഒരു സുഖക്കേടുണ്ടായി. ഇലക്ഷൻ പറയുന്ന ഒരു സുഖക്കേടാണെന്നാണ് വൈദ്യശാസ്ത്രപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതു". ജലദോഷമുണ്ടായാൽ, he shall not be eligible to continue as a teacher എന്നാണു ഇതിന്റെ അർത്ഥം. അല്ലെങ്കിൽ സ"മാധം പാക"സു കൂടിയായാലും പത്തുപതിനഞ്ചു ദിവസത്തെ ചികിത്സ കൊണ്ടു" അതു മാറും. അങ്ങനെ ചികിത്സ നടത്തുന്ന ആ ദിവസങ്ങളിൽ ഒരധ്യാപകൻ ഹാജരാകാതിരുന്നാൽ "he shall not be eligible to continue as a teacher" എന്നു വയ്ക്കുന്നതു തെറ്റായിരിക്കും. അതുകൊണ്ടു" ഇതിൽ ഭേദഗതി വരുത്തേണ്ടതാണു". ഇപ്പോൾ എഴുതിവച്ചിരിക്കുന്നപ്രകാരം ഒരാൾക്കു" ജലദോഷം പിടിപെട്ടാൽ അയാളെ അധ്യാപകവൃത്തിക്കു കൊള്ളുകയില്ല. അതുകൊണ്ടു" ഇതിൽ മാറ്റംവരുത്തേണ്ടതു അത്യാവശ്യമാണു". പകരുന്ന വ്യാധിയുള്ളപ്പോൾ അതുമായി അധ്യാപകൻ സ്കൂളിൽപോകുവാൻ പാടില്ല. പക്ഷേ, താൽക്കാലികമായിട്ടുള്ള ഒരു സുഖക്കേടാണെങ്കിൽ, അങ്ങനെയുള്ള ഒരു സുഖക്കേടാണെന്നു ബോദ്ധ്യമായാൽ, അയാൾക്കു" ജോലി കൊടുക്കുകയില്ല എന്നു പറയുന്നതു അങ്ങേയറ്റം കടുപ്പമാണു".

അഞ്ചാമത്തെ ഉപവകുപ്പിനു വേണ്ട വ്യത്യാസം വരുത്തിയിട്ടുണ്ടെന്നു എനിക്കഭിപ്രായമില്ല.

"behaves towards his pupils, their parents, the Headmaster, the Manager, or any Educational Officer or towards anybody in any manner grossly unbecoming of a teacher".

"grossly unbecoming" എന്നുള്ളതു എന്താണെന്നു ഒരിടത്തും പറഞ്ഞിട്ടില്ലാത്ത കാലത്തോളം ഇതു ഒരധ്യാപകനെ സംബന്ധിച്ചിടത്തോളം ഒരാനക്കഴിയാണു". ഒരു എഡ്യൂക്കേഷനൽ ആഫീസർക്കോ, ആർക്കെങ്കിലുമോ എതിരായി ഒരധ്യാപകൻ "grossly unbecoming" ആയി പെരുമാറിയാൽ അയാൾക്കു" പിന്നെ അധ്യാപകനായി തുടരുന്നതിനു അവകാശമില്ല. "grossly unbecoming" എന്നുള്ളതിനു വ്യക്തമായ ഒരർത്ഥം നിർദ്ദേശിച്ചില്ലെങ്കിൽ ഒരു മാനേജർ ചില കാര്യങ്ങളിൽ അധ്യാപകൻ പെരുമാറുന്നതു അങ്ങനെയാണെന്നു വിചാരിക്കും. അതനുസരിച്ചു ഒരധ്യാപകന്റെ യോഗ്യത നിലനിൽക്കണമെന്നു പറയുന്നതു" കഷ്ടമാണു". അതുകൊണ്ടു" "grossly unbecoming" എന്നുള്ളതിനു" മുമ്പിൽ വിശദമായി പെരുമാറുന്നതാണെന്നു പറയണം. അല്ലെങ്കിൽ അതു അധ്യാപകനു എതിരായി ഉപയോഗിക്കുവാൻ ഇടയുണ്ടു".

"refuses to obey orders communicated to him by the officers of the Department or...." എന്നുള്ള ഭാഗം നിശ്ചയമായിട്ടും ഉപേക്ഷിക്കണം. ഈ അക"റ്റം മുഴുവനും നടപ്പിലായിക്കഴിഞ്ഞാൽ ആരെങ്കിലും എഴുതിയയക്കുന്ന ഉത്തരവുകളെല്ലാം അധ്യാപകൻ അനുസരിക്കണമെന്നു പറയുന്നതിൽ അർത്ഥമൊന്നുമില്ല. അക"റ്റിനും റൂൾസിനും വിധേയമായ, ന്യായമായ കാര്യങ്ങളും അധ്യാപകൻ അനുസരിച്ചാൽ മതി. അതുകൊണ്ടു ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്തെങ്കിലും എഴുതിയയച്ചാൽ അതെല്ലാം പ്രൊവറ"സ്കൂൾ അധ്യാപകൻ അനുസരിക്കണമെന്നു പറയേണ്ട കാര്യമില്ല. അക്ടിലും റൂൾസിലും ഉള്ള അധികാരങ്ങൾ ഉപയോഗിച്ചുള്ള ഉത്തരവുകൾ അനുസരിച്ചാൽ മതി. അതു കഴിച്ചുള്ള ഉത്തരവുകളെപ്പറ്റി പറയേണ്ട കാര്യമേ ഇല്ല.

"wilfully infringes any conditions of service in the school" എന്നു പറയുമ്പോൾ സർവ്വീസ" കണ്ടീഷൻ നിയന്ത്രിക്കാൻ ഈ റൂളിൽ വ്യവസ്ഥയുണ്ടോ ഇല്ലയോ എന്നു എനിക്കിപ്പോൾ നിശ്ചയമില്ല. സർവ്വീസ" കണ്ടീഷൻ ഈ റൂളുകൾക്കുമുമ്പു" അംഗീകരിച്ചതോ അങ്ങനെ ന്യായമായ രീതിയിൽ അംഗീകാരം ഡിപ്പാർട്ടുമെൻറു കൊടുത്തതോ ആണെങ്കിൽ ഈ റൂൾ ആവശ്യമാണു". അങ്ങനെയല്ലെങ്കിൽ ഇഷ്ടംപോലെ സർവ്വീസ" കണ്ടീഷൻ ഉണ്ടാക്കുവാൻ അനുവദിക്കുന്നതു അപകടമാണു" ഈ കാര്യങ്ങളിൽ വേണ്ട ഭേദഗതി വരുത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

2/679/V

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ മാത്യു : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് ആദ്യമത്തെ റൂളിനെപ്പറ്റി ഇവിടെ പ്രതിപാദിച്ചുകഴിഞ്ഞു. ഒർജിനൽ റൂളിൽ പറഞ്ഞിരുന്നതു ഇങ്ങനെയായിരുന്നു. "refuses to obey valid orders" കഴിഞ്ഞ ദിവസം നടന്ന ചർച്ചകളുടെ ഫലമായിട്ടായിരിക്കാം 'വാലിഡ്' (valid) എന്നുള്ളതു മാറ്റി എന്തു ഉത്തരവുകളായാലും അനുസരിക്കണമെന്നു ഇപ്പോൾ എഴുതിച്ചേർത്തിരിക്കുന്നതു്. ഒരു പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം ഇതു എത്രത്തോളം ദോഷം ചെയ്യുമെന്നു പ്രത്യേകം പറയേണ്ട കാര്യമില്ല. ആ വാക്കു എടുത്തുകളഞ്ഞതിൽ എന്തെങ്കിലും ദുരുദ്ദേശമുണ്ടോ എന്നുകൂടി ഞാൻ സംശയിക്കുകയാണു്. ആ വാക്കുകൂടി ആർഡേഴ്സ് എന്നുള്ളതിനു മുമ്പായി ചേർക്കണം.

അവസാനമായി 10-ാമത്തെ ഉപറൂളിൽ ഇങ്ങനെ പറയുന്നുണ്ടു്. "is directly or indirectly, solely or in conjunction with others, the editor or the proprietor of any newspaper, magazine etc, ഇന്നു പല സഹകരണസംഘങ്ങളും പ്രസിദ്ധീകരണങ്ങളും നടത്തുന്നുണ്ടു്. ഈ ഉപറൂൾ ഇങ്ങനെയിരുന്നാൽ പല സഹകരണസംഘങ്ങളിലും അംഗങ്ങളായിട്ടുള്ള അദ്ധ്യാപകന്മാർക്കു അംഗങ്ങളായി തുടരാൻ സാധിക്കയില്ല. ഇൻഡയറക്ടായി ബന്ധമുണ്ടെങ്കിൽപോലും അദ്ധ്യാപകനായി തുടരാൻ സാധിക്കയില്ലെന്നാണു പറയുന്നതു്. ഈ വ്യവസ്ഥയും മാറേണ്ടതാണു്.

[Shri K. M. George in the Chair]

Shri P. M. Kunhiraman Nambiar : In sub-rule (v) it is stated "behaves towards his pupils, their parents, the Headmaster, the manager, or any Educational Officer or towards anybody in any manner grossly unbecoming of a teacher" ഇവിടെ കൂട്ടികൂടി, ഹെഡ്മാസ്റ്റർ, മാനേജർ, എഡ്യൂക്കേഷണൽ ആഫീസർ എന്നിവരുമായിട്ടുള്ള പെരുമാറ്റത്തിൽ ചില തകരാറുകൾ വരുമെന്നു പറഞ്ഞാൽ മനസ്സിലാക്കാൻ കഴിയും. രക്ഷകർത്താക്കൾക്കു അദ്ധ്യാപകന്മാരുമായി വിദ്യാലയങ്ങൾക്കുള്ളിൽ ബന്ധമൊന്നുമില്ല. അവരോടുള്ള പെരുമാറ്റത്തിലും അങ്ങനെ എന്തെങ്കിലും സംഭവിച്ചാൽ അദ്ധ്യാപകന്മാരായി തുടരാൻ പാടില്ലെന്നു പറയുന്നതു് വളരെ കഷ്ടമാണു്. ഏതെങ്കിലും ഒരു രക്ഷകർത്താവിനു് എന്തെങ്കിലും കാരണവശാൽ രാഷ്ട്രീയമായിട്ടുള്ള വല്ല വിരോധം വച്ചുകൊണ്ടോ മറ്റോ ഒരദ്ധ്യാപകന്റെ പേരിൽ ആക്ഷേപം പുറപ്പെടുവിക്കാൻ കഴിയും. അത്തരത്തിലുള്ള ആക്ഷേപം കിട്ടിയാൽ അദ്ധ്യാപകന്റെ മേൽ നടപടിയെടുക്കാമെന്നു വരുന്നതു്. പല കുഴപ്പങ്ങൾക്കും ഇടയാക്കും. അതുകൊണ്ടു് 5-ാം ഉപറൂളിൽനിന്നും 'parents' എന്നുള്ള വാക്കു എടുത്തുകളയണം.

അടുത്തതായി 10-ാം ഉപറൂളിൽ ഇങ്ങനെ പറയുന്നു. "is directly or indirectly, solely or in conjunction with others, the editor or the proprietor of any new paper....." അദ്ധ്യാപകൻ മാനസികമോ പീരിയോഡിക്കൽസോ നടത്തുന്നതുകൊണ്ടു യാതൊരു ആപത്തും വരാൻ പോകുന്നില്ല. അതുകൊണ്ടു അദ്ധ്യാപകന്റെയും മറ്റുള്ളവരുടെയും അറിവു വർദ്ധിക്കുകയേയുള്ളൂ. അദ്ധ്യാപകന്റെ വിജ്ഞാനം അദ്ധ്യാപകവൃത്തി കൊണ്ടുതന്നെ വർദ്ധിച്ചുകൊണ്ടിരിക്കും. ആ വിജ്ഞാനം പത്രങ്ങൾ മുഖേനയോ മറ്റോ പുറപ്പെടുവിക്കാൻ പാടില്ലെന്നു പറയുന്നതു് ശരിയല്ല. അതിനുള്ള അവസരം അദ്ധ്യാപകനുണ്ടായിരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : റിഡ്രാഫ്റ്റു ചെയ്തിട്ടുള്ള 13-ാം ചാപ്റ്ററിലെ ഉപറൂൾ 5-ം ആദ്യം ഉണ്ടായിരുന്ന ഉപറൂൾ 5-ം ഏറെക്കുറെ അതുതന്നെയാണു് ആദ്യം ഉണ്ടായിരുന്ന 5-ാം ഉപറൂൾ എടുത്തുകളയണമെന്നു ഞാൻ ഒരു ഭേദഗതി കൊടുത്തിട്ടുണ്ടായിരുന്നു. അതിൽ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും ഉറച്ചുനിൽക്കുകയാണു്. കാരണം പ്രതിപക്ഷനേതാവു പറഞ്ഞതു പോലെ 'grossly unbecoming of a teacher' എന്താണെന്നു യാതൊരു തരത്തിലും വിവരിക്കാതിരിക്കുന്ന കാലത്തോളം ആ പദത്തെ ദുർവിനിയോഗപ്പെടുത്തി അദ്ധ്യാപകന്മാരുടെ ജീവിതത്തെതന്നെ നഷ്ടപ്പെടുത്താനുള്ള സാദ്ധ്യതകൂടി ഉണ്ടു്. അതുകൊണ്ടു് ആ പദത്തിനു് വിവരണം ഇല്ലാത്ത കാലത്തോളം അതു അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അപകടമാണെന്നു ഉന്നിപ്പറയുകയും നേരത്തെ ഞാൻ കൊടുത്തിരുന്ന ഭേദഗതിയെ പൂർണമായി പിടിക്കയും ചെയ്യുകയാണു്.

അടുത്തതായി ഏഴാമത്തെ ഉപവകുപ്പിൽ ഇങ്ങനെ പറയുന്നു. "refuses to undergo a course of training" റിഫ്രേഴ്സ് ട്രെയിനിംഗ് ആണെങ്കിൽ അതെന്നിക്കു മനസ്സിലാക്കാൻ കഴിയും. ട്രെയിനിംഗ് കഴിയാത്ത അദ്ധ്യാപകന്മാരെ നിയമിക്കുന്ന പതിവുണ്ടു്. അങ്ങനെയുള്ളവർ റിഫ്രേഴ്സ് ട്രെയിനിംഗിനു് പോകുന്നില്ലെങ്കിൽ അവരോടു് അദ്ധ്യാപകന്മാരായി തുടരാൻ സാധിക്കയില്ലെന്നു പറയാം, ഇന്നു അദ്ധ്യാപകന്മാരെ പല കോഴ്സുകൾക്കും അയക്കുന്നുണ്ടു്. ഏതെങ്കിലും കാരണവശാൽ ചിലർക്കു അത്തരം ട്രെയിനിംഗിനു് പോകാൻ സാധിക്കാതെ വരുന്നതിന്റെ പേരിൽ അവരുടെ ജോലി നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടാകാൻ പാടില്ല. അതു അപകടകരമാണു്. അതുകൊണ്ടു നമുക്കു് ആ ഉപവകുപ്പു് എടുത്തുകളയണം; അല്ലെങ്കിൽ ആവശ്യമായ ഭേദഗതികളോടുകൂടി അതു തിരുത്തണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്.

Smt. Leela Damodara Menon: Sir, I wish to suggest an oral amendment to sub-rule (iii). That sub-rule says:

> " is physically unfit to serve efficiently as a teacher or is suffering from any contagious or communicable disease "

Instead of the words " contagious or communicable disease " I wish to substitute " chronic communicable disease ", because, as was pointed out by the Leader of the Opposition, a contagious disease, even if it is of a temporary nature, comes under the purview of this rule if it is taken in its literal sense.

Another suggestion that I wish to make is in regard to sub-rule (v). In that rule instead of the words " grossly unbecoming of a teacher ", I wish to substitute " unbecoming of a gentleman ", because a teacher is expected to behave towards his pupils in a particular way and he is called a teacher in relation to the pupils; and if he is to behave like teacher towards the Educational Officer, the Headmaster, the Manager and the Parents, it will look rather ridiculous. Therefore, if we substitute " unbecoming of a gentleman ", then, at least to some extent, the rule will have proper sense and so it could be modified like that. Or, we can even say, if the teacher does not behave properly and keeps to the standard that the public expects of him, then he may come under the purview of this rule.

Chairman: So, you expect every teacher to be a gentleman?

Smt. Leela Damodara Menon: If he is not a gentleman, then he comes under this rule.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : അഞ്ചാമത്തെ ഉപവകുപ്പ് ആവശ്യമില്ലെന്നുള്ളതിനോടു ഞാനും യോജിക്കുന്നു. മുമ്പു ഈ ചട്ടങ്ങളെപ്പറ്റിയുള്ള വാദപ്രതിവാദത്തിനിടയിൽ സ്ത്രീകളോടു ബന്ധപ്പെട്ടവരോടു മാത്രം മര്യാദയായി പെരുമാറിയാൽ മതിയോ മറ്റുള്ള നാട്ടുകാരോടു അങ്ങനെ പെരുമാറണമോ എന്നു ചില സൂചനകളും ഉണ്ടായതിനെ അടിസ്ഥാനമാക്കിയിരിക്കണം ഇപ്പോൾ ഇതിൽ "any body" എന്നുകൂടി ചേർത്തതു്. ടീച്ചറുമായി ബന്ധപ്പെട്ട ആളുകളോടുള്ള പെരുമാറ്റത്തെപ്പറ്റി മാത്രമേ ഇവിടെ സ്പർശിക്കേണ്ടതുള്ളു. അതുകൊണ്ടു "anybo ly" എന്നുള്ളതു് നീക്കം ചെയ്യണമെന്നാണു് എന്റെ അഭിപ്രായം. അദ്ധ്യാപകന്മാരുടെ പെരുമാറ്റം ശിഷ്യന്മാർ, മാനേജർ, ഹെഡ് മാസ്റ്റർ, എഡ്യൂക്കേഷണൽ അഥോറിട്ടി എന്നിവരുടെ കാര്യങ്ങളിൽ മാത്രം പരിമിതപ്പെടുത്തിയാൽ മതി. നാട്ടിലെ എല്ലാവരേയും ബന്ധപ്പെടുത്തി അദ്ധ്യാപകനെ ശിക്ഷയ്ക്കു അർഹനാക്കണമെന്നു പറയുന്നതു് ശരിയല്ല. ജൻറിൽമെൻ എന്നുള്ളതു് മന്ത്രി ഉപയോഗിക്കുകയാണെങ്കിൽ അങ്ങനെ എല്ലാവരോടും പെരുമാറണമെന്നു പറയാമായിരുന്നു. അങ്ങനെ ഉപയോഗിക്കാത്തതുകൊണ്ടു ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ട ആളുകളെ മാത്രം ഇതിൽ പെടുത്തിയാൽ മതി. അതുകൊണ്ടു "their parents or towards anybody" എന്നുള്ളതു് എടുത്തു കളയണം. രണ്ടാമതായി ആറാം സബ്റൂളിൽ "ഓർഡേഴ്സ്" (orders) എന്നുള്ളതിനു് മുമ്പിൽ 'ലാഫുൾ' (lawful) എന്നുകൂടി ചേർക്കണം. അപ്പോൾ നിയമത്തിനും ഈ റൂൾസിനും അനുസരണമായ ഓർഡർ എന്നുവരും.

പിന്നെ സബ്റൂളിൻപതാമതിൽ "wilfully infringes any conditions of service in the school" എന്നുള്ളതിൽ നിന്നു "in the school" എന്നുള്ളതു് എടുത്തുകളയണം. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയെ ചാപ്റ്റർ 9-ലേക്കു് ക്ഷണിക്കുകയാണു്, അതിലെ റൂൾ 1 (2) നാം എടുത്തുകളഞ്ഞു. അപ്പോൾ ഹെഡ്മാസ്റ്റർക്കു പ്രത്യേകമായിട്ടുള്ള സർവ്വീസ് ചട്ടങ്ങളും ഉൾപ്പെടുത്തിക്കാനുള്ള അവകാശം നൽകുന്നില്ല. ആ നിലയിൽ in the school എന്നുള്ളതു് അധികപ്പറ്റാണു്. അതു് എടുത്തുകളയണം.

ശ്രീ. കെ. ഹസ്സൻകുട്ടി : ശ്രീ നാരായണക്കുറുപ്പു പറഞ്ഞ കാര്യങ്ങളാണു് എനിക്കും പറയാനുള്ളതു്. അതു് വീണ്ടും ആവർത്തിക്കാനുദ്ദേശിക്കുന്നില്ലെങ്കിലും 5-ാം ഉപവകുപ്പിൽ ആരോടായാലും തരക്കേടില്ല, "unbecoming of a teacher" എന്ന നിലയിൽ പെരുമാറിയാൽ ആ അദ്ധ്യാപകനു് ജോലിയിൽ തുടരാൻ അവകാശമില്ലെന്നു എഴുതിവച്ചിരിക്കുന്നതു് ശരിയല്ല. ഒരദ്ധ്യാപകനോടു് അതുണ്ടെങ്കിലും വിരോധമുണ്ടെങ്കിൽ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ശരിയായി തെളിവു നൽകിയാൽ ആ അദ്ധ്യാപകനു് ജോലിയിൽ തുടരാൻ സാധിക്കുകയില്ല. എന്താണു് "unbecoming of a teacher" എന്നു് ഇവിടെ നിർവ്വചിച്ചിട്ടുമില്ല. ആ സ്ഥിതിക്കു് അദ്ധ്യാപകനെ ഉപദ്രവിക്കുന്നതിനുള്ള ധാരാളം സാദ്ധ്യതകളുണ്ടു്, പ്രത്യേകിച്ചും ഇക്കാലത്തു് കള്ളസ്സാക്ഷിയുണ്ടാക്കുന്നതിനും മറ്റും വലിയ വിഷമമൊന്നുമില്ല. ഞാൻ ഇതേതെങ്കിലും ഒരു പാർട്ടിയെ ഉദ്ദേശിച്ചു് പറയുകയല്ല. ഏതെങ്കിലും ഒരു കുട്ടിയുടെ അച്ഛനോ മറ്റോ ഒരദ്ധ്യാപകനോടു വിരോധമുണ്ടെങ്കിൽ ഇങ്ങനെയുള്ള നിർവ്വചനത്തിൻറെ അടിസ്ഥാനത്തിൽ ആ അദ്ധ്യാപകൻറെ ജോലി നഷ്ടപ്പെടുത്താൻ കഴിയും. അതുകൊണ്ടു് "പേരൻറ്സ്" എന്നുള്ളതു് എടുത്തുകളയണം. ഇങ്ങനെയുള്ള റൂൾ വച്ചിരുന്നാൽ അദ്ധ്യാപകനു് ജോലിയിൽ തുടരാൻ സാധിക്കാതെ അവൻറെ ജീവിതംതന്നെ നശിച്ചുപോകും. ആ ഉപവകുപ്പു മുഴുവൻ എടുത്തുകളയുന്നില്ലെങ്കിൽ unbecoming of a teacher എന്നുള്ളതു് നിർവ്വചിക്കാതെ നിവൃത്തിയില്ല.

അടുത്തതായി എനിക്കു് 10-ാം ഉപവകുപ്പിനെപ്പറ്റിയാണു് പറയാനുള്ളതു്. ഇന്നു് പല അദ്ധ്യാപകരും വീക്കിലിയിലും മറ്റും ലേഖനങ്ങളും എഴുതാറുണ്ടു്. അതിൽനിന്നും പല ഗുണപാഠങ്ങളും മറ്റുള്ളവർക്കു് ലഭിക്കുന്നുമുണ്ടു്. അതിനെ തടയത്തക്കവിധത്തിലാണു് ഈ ഉപവകുപ്പു്.

LIBRARY ARCHIVES Kerala Legislative Assembly

10. A. M] ചില പത്രങ്ങളിൽ മുഖപ്രസംഗംപോലും എഴുതുന്ന ചില അദ്ധ്യാപകന്മാരുണ്ടെന്നും എനിക്കറിയാം. അവരുടെ ഈ വിധത്തിലുള്ള പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിനുതകുന്നതാണ് ഈ റൂൾ എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇതിനു ചില പരിമിതികളൊക്കെ കൊടുക്കുന്നതു നല്ലതാണ്.

മൂന്നാമത്തെ ഉപവകുപ്പിൽ, "if he is physically unfit to serve efficiently as a teacher" എന്നു പറയുന്നുണ്ട്. അതുപോലെതന്നെ Contagious di ease-നെപ്പറ്റിയും പറയുന്നുണ്ട്. ചില സുഖക്കേടുകൾ കുറെ ദിവസങ്ങളെമാത്രം നിൽക്കുന്നതാണെങ്കിൽത്തന്നെയും ഈ റൂൾ അനുസരിച്ച് അദ്ധ്യാപകന്മാരായി തുടരാൻ സാധ്യമല്ലാതെവരുന്നതാണ്. ജീവിതകാലം മുഴുവനും തുടരുന്ന സുഖക്കേടാണ്, അതു മറെറാളുകൾക്കു കൂടി ദോഷം വരുത്തിവയ്ക്കുന്നതാണ് എന്നുള്ള സുഖക്കേടുകളെപ്പറ്റിയാണെങ്കിൽ, തരക്കേടില്ലായിരുന്നു. അതുകൊണ്ട് ആ വ്യവസ്ഥയും എടുത്തുകളയണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പൊന്നറ ജി. ശ്രീധർ : സർ, ഈ റൂളിനെസംബന്ധിച്ച് എന്റെ സ്നേഹിതന്മാരിൽ പലരും പ്രകടിപ്പിച്ചിട്ടുള്ള ഭയങ്ങൾക്ക് അടിസ്ഥാനമുണ്ടോ എന്ന സംശയമാണ്. ഏതായാലും അവരുടെ അഭിപ്രായങ്ങളിൽനിന്നു വ്യത്യസ്തമായ അഭിപ്രായമാണ് എനിക്ക് ഈ കാര്യത്തിൽ ഉള്ളതും. ഇവിടെ ബഹുമാനപ്പെട്ട പല മെമ്പറന്മാരും ഇന്നത്തെ ഗവണ്മെൻറ് ഈ നിയമം ഇപ്പോൾ എങ്ങനെ ഉപയോഗിക്കും എന്നുള്ളതിനെസംബന്ധിച്ചുള്ള ഭയമാണ് ഇവിടെ പ്രകടിപ്പിക്കുന്നതെന്നു് എനിക്കു തോന്നുന്നു. ആ ഭയം എനിക്കും ഇല്ലാതില്ല. എങ്കിൽപ്പോലും, ഈ റൂളിൽ കൊടുത്തിട്ടുള്ള വ്യവസ്ഥകളിൽ പലതും ആവശ്യമാണ്.

ശ്രീമതി ലീലാദാമോദരമേനോൻ പറഞ്ഞതുപോലെ "he is physically unfit to serve efficiently as a teacher or is suffering from any chronic disease;" എന്നതിൽ chronic എന്ന പദം കൂടി ചേർത്താൽ മതിയാകുന്നതാണ്. അതു് ആവശ്യമാണെന്നാണ് എന്റേയും അഭിപ്രായം. എനിക്കു നേരിട്ടു അറിയാവുന്ന കാര്യങ്ങളാണ്. ക്ഷയരോഗമായിട്ടുള്ള അദ്ധ്യാപകന്മാരുണ്ട്. ചില കേസുകളിൽ ചികിത്സിച്ചാൽ ഭേദമാകും.

Shri E. P. Poulose : Ordinary cold may also be chronic. It is also contagious.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഭേദമാകാത്ത കേസുകളും ഉണ്ട്. അതുകൊണ്ട് മറെറാളുകളെക്കൂടി ഉപദ്രവിക്കത്തക്കനിലയിലുള്ള രോഗം പിടിപെട്ടിട്ടുള്ളവരെ മാത്രമേ ഈ വകുപ്പിലുൾപ്പെടുത്താവൂ എന്നാണെന്റെ അഭിപ്രായം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സ്ഥിരമായിട്ട് മുമയുള്ളവരെ ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താമോ ?

ശ്രീ. പൊന്നറ ജി. ശ്രീധർ : അങ്ങനെയുള്ളവരെ വാദ്ധ്യാരുദ്യോഗത്തിനല്ല വിടേണ്ടതു്. അവർ അൽപ്പം ചില പോളിറ്റിക്സുമായിട്ടു പുറത്തേക്കിറങ്ങുകയാണു നല്ലതു്. "unbecoming of a teacher" എന്നുള്ളതിനു അത്രവലിയ അർത്ഥമൊന്നും കൊടുക്കണമെന്നില്ല. വാദ്ധ്യാർ ഇന്നവിധത്തിൽ ജീവിക്കണമെന്നു് ഇതിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് ഇതു് സകല വാദ്ധ്യാന്മാരുടേയും പിടലിയിൽ വച്ചുകെട്ടാൻ വിചാരിക്കരുതു്. ഏതു നിയമം എടുത്തുനോക്കിയാലും, അതുകൊണ്ട് ദോഷഫലം ഉളവാക്കുന്നതായ ഒരു മെമ്പറിനെയോ കാണാൻ കഴിയും. ഒരു വാദ്ധ്യാർ വളരെ കൊള്ളരുതാത്തവനായിരിക്കും; എന്നാൽ അവന്റെ പേരിൽ കേസെടുത്തു് അവനെ ശിക്ഷിക്കുവാനുള്ള തെളിവു കിട്ടുകയില്ല. എന്നുവച്ചു് ആ വാദ്ധ്യാരുടെ പേരിൽ നടപടി നടത്തേണ്ടതാണെന്നുള്ള അഭിപ്രായം ആ നാട്ടുകാർക്കുണ്ടാകാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ആ വാദ്ധ്യാരെ സംബന്ധിച്ചിടത്തോളം അൺഇകമിംഗ്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പൊന്നറ ജി. ശ്രീധർ]

അതഫ് എ ടീച്ചർ എന്നു കരുതുന്നതിൽ തെറ്റില്ല. ആ വാക്യത്തെ സംബന്ധിച്ചിടത്തോളം ഈ വകുപ്പിൽ ദുഷ്യമായിട്ടൊന്നും കാണുന്നില്ല. എന്നാൽ അതേപ്പറ്റി ഇവിടെ ഇത്രയേറെ പ്രസ്താവനകൾ ഉണ്ടായതു് ഞാൻ മുമ്പു പറഞ്ഞതുപോലെ ഇന്നത്തെ വിദ്യാഭ്യാസമന്ത്രിയും ഗവണ്മെൻറും മറ്റും ഇവരുടെ പേരിലുള്ള വൈരാഗ്യത്തെ പുലർത്തുവാൻ വേണ്ടി ഈ റൂളുകൾ ഉപയോഗപ്പെടുത്തിയേക്കുമോയെന്ന ഭയം കൊണ്ടുമാത്രമാണു്. ആ ഭയം ഗവണ്മെൻറു നീക്കേണ്ടതാണു്.

ഇവിടെ കലകളിലും മറ്റും ഏർപ്പെട്ടിരുന്നവരും പത്രങ്ങളിൽ എഴുതുന്നവരുമായുള്ള അദ്ധ്യാപകന്മാരെ അതിൽനിന്നു തടയുവാൻ പര്യാപ്തമായ വ്യവസ്ഥകളെപ്പറ്റി ചിലർ പരാമർശിക്കുകയുണ്ടായി. ആ അഭിപ്രായത്തോടു് ഞാനും യോജിക്കുന്നു. അദ്ധ്യാപകന്മാർ കലകളിലും പത്രലേഖനങ്ങളിലും മറ്റും വ്യാപൃതരാകുന്നതിൽ അബദ്ധമൊന്നുമില്ല. കോവാപ്പറേറീവു് സംബന്ധിച്ചുള്ള കാര്യങ്ങളിൽ അവരെ തടഞ്ഞിട്ടില്ല കോവാപ്പറേറീവു് മാഗസീൻസു് ഉണ്ടു്. അതിൽ അവയ്ക്കെഴുതിക്കൂടേ? അവർ രാഷ്ട്രീയകാര്യമൊന്നും കൈകാര്യം ചെയ്യരുതെന്നാണു പറയുന്നതു്. രാഷ്ട്രീയകാര്യം ഇല്ലാത്ത ഒരു കാര്യവും ഇപ്പോൾ ഇല്ല. കോവാപ്പറേഷനിൽ പാളിറിക്സു് ഉണ്ടു്. ആക്ടീവായി പാളിറിക്സിൽ ഇറങ്ങരുതെന്നല്ലാതെ അക്കാര്യത്തിൽ മറ്റുതരത്തിലുള്ള റിസ്ട്രിക്ഷനൊന്നും ആവശ്യമില്ലെന്നാണെൻറെ അഭിപ്രായം. മോറൽ ടർപ്പിറ്റ്യൂഡിനെപ്പറ്റി ഇവിടെ ആരും എതിരു പറഞ്ഞുകേട്ടില്ല. അതുകൊണ്ടു് ഇങ്ങനെയുള്ള ചില്ലറ ഭേദഗതികൾമാത്രം ഇതിൽ വരുത്തിയാൽമതിയാകുന്നതാണു്.

ശ്രീ. ടി. എ. തൊമ്മൻ: സർ, ഈ റൂളുകൾ ഇവിടെ പാസ്സാക്കിക്കഴിഞ്ഞതിനുശേഷം അതെല്ലാം നിയമമാകാൻ പോവുകയാണു്. ഇവ ഡയറക്ഷൻസു് അല്ല. ഒരു ഡിപ്പാർട്ടുമെൻറൽ സർക്കുലറോ അല്ലാത്തപക്ഷം ഇൻസ്ട്രക്ഷനോ ആയിരുന്നെങ്കിൽ, നാം അത്ര സൂക്ഷിക്കേണ്ടയാവശ്യമില്ല. ഇതു് ടീച്ചേഴ്സും വിദ്യാർത്ഥികളും ഗവണ്മെൻറും മാനേജുമെൻറും തമ്മിലുള്ള ബന്ധങ്ങൾ തീരുമാനിക്കുന്ന ഒരു നിയമമാണു്. അപ്പോൾ ആ ഒരു നിലപാടിൽ ആയിരിക്കണം നാം ഈ റൂളുകളെ വീക്ഷിക്കുവാൻ. ഇവിടെ നാം ഉപയോഗിക്കുന്ന വാക്കുകൾ വളരെ സൂക്ഷിച്ചുവേണം ഉപയോഗിക്കുവാൻ ഒരു സർക്കുലറിലാണെങ്കിൽ, ലോസ്സിലി അൺബിക്കമിംഗു് അതഫ് എ ടീച്ചർ എന്നു പറഞ്ഞാൽ. അതുകൊണ്ടു് വലിയ ദുഷ്യമൊന്നും ഉണ്ടാകാൻ പോകുന്നില്ല. എന്നാൽ, നിയമത്തിൽ അതിൻെറ അർത്ഥം വളരെ അവ്യക്തമാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: അവ്യക്തമായി കിടപ്പുള്ള കാര്യങ്ങൾ വ്യാഖ്യാനിക്കാനാണു് കോടതികൾ വച്ചിരിക്കുന്നതു്.

ശ്രീ. ടി. എ. തൊമ്മൻ: കോടതികളുടെ മുമ്പാകെ അതല്ല. നിയമത്തിൽ എപ്പോഴും വ്യക്തതയുണ്ടോയെന്നു സൂക്ഷിക്കേണ്ടതു് നിയമസഭയുടെ മുമ്പാകെയാണു്. ഒരു സംഗതി ക്ലിയറായിട്ടും സ്പെസിഫിക്കായിട്ടും നിയമസഭയാണു് പറയേണ്ടതു്. ഇവിടെ ഒരു നിയമം പാസ്സാക്കി ഞങ്ങൾക്കുതന്നെ അതു വ്യക്തമായി എന്താണെന്നു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. വേണമെങ്കിൽ കോടതി വ്യാഖ്യാനിച്ചോ എന്നു പറയുകയല്ല വേണ്ടതു്. അങ്ങനെയുള്ള മുമ്പാകെയിൽനിന്നും നിയമസഭ ഒരിക്കലും ഒഴിഞ്ഞുമാറി നിൽക്കരുതു്.

Mr. Speaker: So what should be done now?

ശ്രീ. ടി. എ തൊമ്മൻ: "Grossly unbecoming of a teacher" എന്നുള്ളതു് വ്യക്തമല്ല. ലീഡർ പറഞ്ഞതുപോലെയെല്ലാം വരും. അതു മാറേണ്ടതാണു്. ഇപ്പോഴത്തെന്നെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കാതെയിരിക്കുന്നവിധത്തിലാണു് ആ പദപ്രയോഗവും. ഇനി വേണമെങ്കിൽ, വിദ്യാഭ്യാസമന്ത്രി എഡ്യൂക്കേഷൻ ആക്ടുനുസരിച്ചു് ഇനിയും ചില റൂളുകൾ കൊണ്ടുവരുമെന്നു പറഞ്ഞിട്ടുണ്ടു്. അതു കൊണ്ടുവരുന്നതുവരെ ഈ റൂൾ മാറ്റിവച്ചാലും തരക്കേടൊന്നും വരാനില്ല. ഈ റൂളിൽ ഒരു ഭാഗത്തു്

LIBRARY ARCHIVES Kerala Legislative Assembly

"behaves towards his pupils, their parents, the Headmaster, the Manager, or any Educational Officer in any manner unbecoming of a teacher;" എന്നും 'has been convicted of any offence involving dishonesty or moral turpitude;" എന്നും പറഞ്ഞിട്ടുണ്ട്. ഇതിരണ്ടും ഒരേ ഗൗരവം ഉള്ള കുറ്റങ്ങൾ ആണെന്നുവരും. "grossly unbecoming of a teacher towards anybody"

ഞങ്ങളുടെ നാടൻ ഭാഷയിൽ സൊസൈറ്റി കഴിച്ചിട്ട്— അതായതു് കള്ളുകുടിച്ചിട്ടു്—ഒരു വാദ്ധ്യാർ ആരെയെങ്കിലും ചീത്തപറഞ്ഞാൽ അതു "unbecoming of a teacher" ആയേക്കും.

മി. സ്പീക്കർ : സൊസൈറ്റി കഴിച്ചില്ലെങ്കിലും ആരെയെങ്കിലും ചീത്ത പറയുന്നതു് "unbecoming of a teacher" ആവുകയില്ലേ?

ശ്രീ ഇ. ചന്ദ്രശേഖരൻ നായർ : ചിലയിടത്തു് കാൺഗ്രസ്സു് കഴിച്ചു എന്നും പറയും.

ശ്രീ. ടി. എ. തൊമ്മൻ : ശ്രീ. ചന്ദ്രശേഖരൻ നായരെപ്പോലെയുള്ളവർ അങ്ങനെ പറയുമായിരിക്കും. അല്ലാതെയാരും പറയുമെന്നു തോന്നുന്നില്ല.

"grossly unbecoming of a teacher" എന്താണതിന്റെ അർത്ഥം. അതു ഡിഫൈൻ ചെയ്യാൻ സാധിക്കുമോ ? നേരെമറിച്ചു് എഡ്യൂക്കേഷൻ ഡയറക്ടർ പുറപ്പെടുവിക്കുന്ന ഒരു സർക്കുലർ ആയിരുന്നു എങ്കിൽ, ഇങ്ങനെയുള്ള പരപ്രയോഗങ്ങൾ നടത്തുന്നതിൽ തെറ്റില്ല. ഇവിടെ ഇങ്ങനെയൊരു വ്യവസ്ഥയുണ്ടാക്കുന്നതു്, യാതൊരു വിധത്തിലും ശരിയല്ല.

മറ്റൊന്നു്, "refuses to undergo a course of training when required to do so." എന്നു പറയുന്നു. ഏതെങ്കിലും ഒരു ട്രെയിനിംഗിനെ ടുക്കുന്നതു് ഡിപ്പാർട്ടുമെൻറാണു്. ട്രെയിനിംഗിനെ ടുക്കുന്ന കാലത്തു് മറ്റെന്തെങ്കിലും അസൗകര്യംകൊണ്ടു് ട്രെയിനിംഗിനുപോകാൻ സാധിക്കാതെ വന്നേക്കാം. അപ്പോൾ തക്കതായ കാരണമില്ലെങ്കിൽ, ഈ വ്യവസ്ഥയിൽ നിന്നു അദ്ധ്യാപകരെ ഒഴിവാക്കണം. തക്കതായ കാരണംകൊണ്ടാണു് ട്രെയിനിംഗിനു പോകാതിരിക്കുന്നതെങ്കിൽ അക്കാരണത്താൽ, ഒരദ്ധ്യാപകനെ ഉദ്യോഗത്തിൽനിന്നും മാറ്റുന്നതു് ഒരിക്കലും ശരിയായ നടപടിയല്ല.

മി. സ്പീക്കർ : അതുകൊണ്ടാണു് "Within reasonable time" എന്നു പറഞ്ഞിരിക്കുന്നതു്.

Shri T. A. Thomman : We are interpreting statutes.

മി. സ്പീക്കർ : ഇവിടെ "without sufficient cause" എന്നു പറഞ്ഞാലും വ്യാഖ്യാനം വേണ്ടിവരും.

ശ്രീ. റ്റി. എ. തൊമ്മൻ : "sufficient cause" എന്നുള്ളതിന്റെ വ്യാഖ്യാനം ലാ ലെക്സിക്കൺ, പീനൽകോഡു് ഇങ്ങനെ പലതിലും വേണ്ടപോലെ കൊടുത്തിട്ടുണ്ടു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : സർ, 5-ാമത്തെ ഉപവകുപ്പിൽ, ബഹുമാനപ്പെട്ട കൊയിലാണ്ടിമെമ്പർ പറഞ്ഞതുപോലെ ചെറിയ അപകടമുണ്ടു്. കാരണം, 1937-ൽ ഞങ്ങൾക്കു് കൊയിലാണ്ടിയിൽ ഇത്തരത്തിലുള്ള ഒരനുഭവം ഉണ്ടായി. കാൺഗ്രസ്സു് അനുഭാവിയായിരുന്ന ഒരദ്ധ്യാപകനെ, കാൺഗ്രസ്സിനോടു വളരെ വിരോധമുണ്ടായിരുന്ന ഒരു മാനേജർ, ഒരു രക്ഷകർത്താവിനോടു കള്ളുകുത്തുവാങ്ങി പിരിച്ചുവിടാൻ ഇടയായ ഒരു സംഭവമുണ്ടായി. അതിനെത്തുടർന്നു് ഒരു പ്രക്ഷോഭണം ഉണ്ടായി. ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഇൻസ്പെക്ഷൻ നടന്നു. അദ്ദേഹം ഇൻസ്പെക്ഷൻ ബുക്കിൽ അദ്ധ്യാപകയൂണിയൻ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ഇങ്ങനെ എഴുതിവച്ചിരുന്നു. "This man is out to upset the order and discipline of the school run by private management propagating the cause of a union which is unbecoming of a teacher".

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ]

ഇതായിരുന്നു അതിലെ വാചകം. ഇതു വാചകംഞാൻ ഓർക്കുന്നതുപോലെ, എന്റെ സുഹൃത്തു് കൊയിലാണ്ടിമെമ്പർക്കും ഓർക്കുന്നുണ്ടായിരിക്കും. ഞങ്ങൾ രണ്ടാളും ആ സംഭവത്തിൽ ഇടപെട്ടിരുന്നു. അതുകൊണ്ടാണു പറയുന്നതു്; "unbecoming of a teacher" എന്നു പറഞ്ഞാൽ വിഷമമുണ്ടാകും. മാനേജർമാർക്കു് മുൻപുണ്ടായിരുന്നതുപോലുള്ള അധികാരങ്ങളും ഇപ്പോൾ ഇല്ലെന്നിരുന്നാലും പഴയ തിക്താനുഭവങ്ങളുടെ വെളിച്ചത്തിൽ "unbecoming of a teacher" എന്നുവണമോ വേണ്ടയോ എന്നു് ആലോചിക്കണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയോടു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

സുഖമില്ലാത്തിടത്തോളംകാലം ജോലിയിൽ തുടരാൻ സാധ്യമല്ലെങ്കിലും, പിന്നീടു് ഫിറ്റ്നെസ്സു് സർട്ടിഫിക്കറു ഹാജരാക്കിയാൽ ജോലിക്കു തുടരാവുന്നതാണു്. രോഗമുള്ളകാലത്തു പ്രവർത്തിക്കാൻ വയ്യാ; ഫിറ്റ്നെസ്സു് സർട്ടിഫിക്കറു ഹാജരാക്കിയാൽ ജോലിയിൽ തുടരാം. ഒരു അദ്ധ്യാപകനു് എന്തെങ്കിലും പകർച്ചവ്യാധിയുണ്ടായാൽ, ടി. ബി. യോ മറ്റോ ഉണ്ടായാൽ. അതു സുഖമാകുന്നതുവരെ സിക്കലീവു കൊടുക്കണം. എന്റെ വ്യക്തിപരമായ അഭിപ്രായം പറയുകയാണെങ്കിൽ നിവൃത്തിയില്ലാത്ത ഒരദ്ധ്യാപകനാണെങ്കിൽ ഗവണ്മെന്റു ചെലവിൽ അയാളെ ഏതെങ്കിലും സാനിട്ടോറിയത്തിൽ അയക്കുന്നതിനുള്ള സഹകര്യം ചെയ്തു കൊടുക്കുകയും വേണം. അയാൾക്കു പ്രബോധനത്തിനു തക്ക പ്രാപ്തി ഉണ്ടായാൽ ജോലി ചെയ്യാനുള്ള സഹകര്യവും കൊടുക്കണം.

സർ, മറ്റൊരു കാര്യം "refuses to undergo a course of training within a reasonable time"

സാങ്കേതികമായി പരീക്ഷായോഗ്യതയുള്ള അളുകൾ ഇല്ലാത്തപ്പോൾ, ദയവായി, അൺട്രെയിൻഡു ടീച്ചേഴ്സിനെ പരിച്ചുവിടാതെ, രണ്ടോ മൂന്നോ കൊല്ലത്തിനുള്ളിൽ അവർ ട്രെയിനിംഗ് പരിശീലനം നടത്തിക്കൊള്ളണമെന്നു് വ്യവസ്ഥ ചെയ്യുന്നതു നന്നായിരിക്കും. അതിനു റീസണബിൾ (reasonable) ടൈം കൊടുക്കണം. അവർക്കു പരിശീലനത്തിനുള്ള സൗകര്യം ഇല്ലാതെവന്നാൽ കുഴപ്പമാണു്. അതുകൂടി ഇതിൽ ചേർക്കണം.

> "The proceedings shall contain a reasonably sufficient record of the evidence and a statement of the findings and the grounds thereof."

that alone need stand.

Mr. Speaker: That means, you want the last sentence in the last paragraph of sub-rule (2) to be deleted.

Shri M. C. Abraham: Yes.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ് : സർ, ഇതിനെപ്പറ്റി ഭേദഗതി അവതരിപ്പിച്ച് ചർച്ചചെയ്തതിൽ പലതും അംഗീകരിച്ചതിനശേഷം, റീ ഡ്രാഫ്റ്റ് ചെയ്തുകൊണ്ടുവന്നിരിക്കുകയാണ്. ഇപ്പോൾ പഴയ റൂളുകളിലുള്ള പല ദോഷവും അതുപോലെ കാണുന്നുണ്ട്. റൂൾ 76 -ൽ, 2 -മത്തെ ഉപവകുപ്പിൽ പറയുന്ന ഒടുവിലത്തെ വാചകം:

"He shall be required, to put in within a reasonable time a written statement of his defence and to state whether he desires an oral inquiry or only to be heard in person"

നേരത്തെ ഉണ്ടായിരുന്നതു് വ്യത്യാസപ്പെടുത്തിയെങ്കിലും ഇപ്പോഴും ഇതുകൊണ്ടു് പ്രയാസം നേരിടുന്നതാണ്. ഇതിനു് ഒരു ഓറൽ അമെൻഡുമെന്റ് അവതരിപ്പിക്കുവാൻ ഞാൻ അനുവാദം അഭ്യർത്ഥിക്കുകയാണ്. ഇതിൽ 'ഓറൽ' എന്ന വാക്ക് ഡിലീറ്റ് ചെയ്യണമെന്നാണ് എന്റെ ഭേദഗതി. എൻക്വയറി എന്നു പറഞ്ഞാൽമതി ; ഓറൽ എൻക്വയറി എന്നു് പറയേണ്ട ആവശ്യമില്ല. എൻക്വയറി വേണമോ വേണ്ടയോ എന്നു് അദ്ധ്യാപകൻ അപേക്ഷിക്കുമ്പോൾ വ്യക്തമാക്കിയാൽമതിയാകും. ഇപ്പോഴത്തെ അതു പറയേണ്ട ആവശ്യമില്ല.

മൂന്നാമത്തെ പാരഗ്രാഫിൽ ഇങ്ങനെ കാണുന്നു :

"At that inquiry documentary evidence may be adduced and oral evidence shall be taken as to such of the allegations as are not admitted, provided that the officer conducting the inquiry may for special and sufficient reasons to be recorded in writing refuse to call a witness."

ഇതിൽ 'സ്പെഷ്യൽ ആൻഡ്' എന്നീ രണ്ടുവാക്കുകൾ എടുത്തുകളയണം.

"for sufficient reasons" എന്നുമതി. മറ്റതു് അനാവശ്യമാണ്.

മൂന്നാമതായി, ശ്രീ. എം. സി. ഏബ്രഹാമിന്റെ ഭേദഗതിയെപ്പറ്റിയാണ് പറയാനുള്ളതു്. ഞാൻ അതിനോടു യോജിക്കുകയാണ്. കഴിഞ്ഞപ്രാവശ്യം അതു മാറ്റണമെന്നു വ്യക്തമായി ഇവിടെ ഭേദഗതികൊണ്ടുവന്നു് ചർച്ചനടത്തി എതാണ്ടു സമ്മതിക്കുകയും ചെയ്തതാണ്. അദ്ധ്യാപകനു് ഒരു ഡബിൾ പെനാലിറ്റിയായിട്ടാണ് ഇതു സംഭവിക്കുന്നതു്. അതുകൊണ്ടു് എടുത്തുകളയേണ്ടതാണെന്നു് പല മെമ്പറന്മാരും ഇവിടെ വാദിച്ചതാണ്. ഒരദ്ധ്യാപകൻ കുറ്റക്കാരനല്ലെന്നു കണ്ടതിനുശേഷവും, അനേഷണോദ്യോഗസ്ഥൻ സ്വന്തമായി ഒരഭിപ്രായം രേഖപ്പെടുത്തണമെന്നു പറയുന്നതു സാമാന്യനീതിക്കു യോജിച്ചതല്ല. ശ്രീ. എം. സി. ഏബ്രഹാം പറഞ്ഞതുപോലെ 76 -ാം റൂൾ 2 -ാം ഉപചട്ടത്തിലെ പ്രൊവിസോയിലെ ഒടുവിലത്തെ വാചകം:

"In cases where the Inquiring Officer comes to a conclusion that the charges have not been made out, he shall in addition record a further finding as to whether in his opinion the teacher is free from any blame" എടുത്തുകളയേണ്ടതാണ്. ഈ ഭേദഗതികൂടി മുന്നം സ്വീകരിച്ചാൽ ഇന്നുള്ള വൈരുദ്ധ്യങ്ങൾ നീങ്ങിക്കിട്ടും. ഇതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. സി. അച്യുതമേനോൻ : 'ഓറൽ എൻക്വയറി' എന്നു പറയുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ ധരിച്ചുവെന്താണെന്നു അറിയുന്നില്ല. ഇവിടെ ഉദ്ദേശിക്കുന്നതു് ഓറൽ എൻക്വയറിനടത്താനുള്ള അവകാശം അദ്ധ്യാപകനു് നൽകണമെന്നുള്ളതാണ്. അതില്ലെങ്കിൽ സാധാരണഗതിയിൽ റിക്കാർഡുകളും നോക്കിയിട്ടായിരിക്കും എൻക്വയറിനടത്തുക. അതുപോരാ സാക്ഷികളെ വിസ്തരിക്കുന്നതിനുംമറ്റുമുള്ള അവകാശത്തോടുകൂടി കൂടുതൽ സഹകരണം ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതിനാണ്" ഇങ്ങനെ പ്രത്യേകവാചകം ചേർത്തിരിക്കുന്നത്". ഇതേ വാചകംതന്നെയാണ് ഗവണ്മെൻറ സർവ്വീസിലുള്ള ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അംഗീകരിച്ചിട്ടുള്ളതും. അഡീഷണലായി ഒരു മെറ്റർ കൊടുത്തിരിക്കുകയാണ്". ഓറൽ എൻക്വയറി എന്നില്ലെങ്കിൽ വെറും റിക്കാർഡുകൾമാത്രമായിരിക്കും എൻക്വയറി നടത്തുക. ഇതുകൊണ്ടാകുന്ന ആശങ്ക എന്താണെന്നു മനസിലാകുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജ് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സ്ഥിതന്നെ എൻറ വാദത്തിലും അടങ്ങിയിട്ടുള്ളതാണ്. അദ്ധ്യാപകനെ എൻക്വയറി വേണമോ, വേണ്ടയോ, കേട്ടതീരുമാനിച്ചാൽമതിയോ എന്നു തീരുമാനിക്കാനുള്ള അവകാശം കൊടുക്കണം. ഓറൽ എൻക്വയറി എന്നു പറഞ്ഞാൽ അദ്ധ്യാപകനെ എൻക്വയറിയുടെ ഫലം കിട്ടാതെവരുമോ എന്നു സംശയിക്കുകയാണ്.

Mr. Speaker: What the Minister said was that the word "oral" there only makes the application of that enquiry more extensive, and it does not narrow down the scope of that enquiry.

ശ്രീ. കെ. എം. ജോർജ്ജ് : ഞാൻ മനസിലാക്കിയതും ആവശ്യപ്പെട്ടതും എൻക്വയറി എന്നുമാത്രം പറയുന്നതായിരിക്കും കൂടുതൽ വ്യാപകവും നല്ലതുമെന്നാണ്. അങ്ങനെ പറഞ്ഞാൽ ലീഗലായിട്ട് എവിഡൻസ് എടുക്കുന്നതിനും കൗൺസിലിനെ വയ്ക്കുന്നതിനുമെറ്റമുള്ള അധികാരമുണ്ടായിരിക്കും. ഓറൽ എൻക്വയറി എന്നു പറയുന്നതുകൊണ്ട് അവകാശത്തെ വിപുലീകരിക്കുകയല്ല, ചുരുക്കുകയായിരിക്കുമെന്നാണ് എൻറ അഭിപ്രായം. ഇതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പ് : സർ, ഭേദഗതം എടുത്തുകളയണമെന്ന അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. കേസു വിചാരണകഴിഞ്ഞു വിധി പ്രസ്താവിച്ചതിനുശേഷം, സ്വന്തംനിലയിലുള്ള ഒരഭിപ്രായംകൂടി രേഖപ്പെടുത്തണമെന്നു നിർബ്ബന്ധമായി പറയുന്നതു ശരിയല്ല. ഇങ്ങനെ പ്രത്യേകം പറയുന്നില്ലെങ്കിൽതന്നെയും നിയമപരമായി ശിക്ഷിക്കുമ്പോൾ, ധാർമ്മികനിലവാരത്തെപ്പറ്റിയുള്ള പരാമർശങ്ങൾ നടത്താറുണ്ട്. എന്തായാലും അനാവശ്യമായ ഈ ഭാഗം എടുത്തുകളയണമെന്നുള്ള അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്.

Mr. Speaker: Now there are three oral amendments moved. First Shri M. C. Abraham moved for the deletion of the last sentence in the last para of sub-rule (2), viz.,

> "In cases where the Inquiring Officer comes to a conclusion that the charges have not been made out, he shall in addition record a further finding as to whether in his opinion the teacher is free from any blame."

Then Shri K. M. George has moved for the deletion of the word 'oral' from the last but one sentence in the first paragraph of sub-rule (2). He also moved that the words 'special and' occurring in lines 4 and 5 of the second paragraph under sub-rule (2) be deleted, i. e., instead of saying 'for special and sufficient reasons' it may be amended to read 'for sufficient reasons'.

Shri Joseph Mundasseri : Sir, I accept the suggestion of Shri M. C. Abraham to delete the second sentence in the last paragraph of sub-rule (2). I also agree to remove the words

LIBRARY ARCHIVES Kerala Legislative Assembly

[Shri Joseph Mundasseri]

'special and' as suggested by Shri M. K. George form the second paragraph of sub-rule (2). But I would like to retain the word 'oral' in the first paragraph of that sub-rule (2).

The amendment that the word 'oral' in paragraph 1 of sub-rule (2) of the re-drafted rule 76 be deleted was put and lost.

The amendment that the words 'special and' in paragraph 2 to sub-rule (2) of the re-drafted Rule 76 be deleted, was put and carried.

The amendment that the last sentence in the last paragraph of sub-rule (2) of the re-drafted rule 76 be deleted was put and carried.

The amendment of the Minister as modified was put and carried.

12 Noon] **Shri Joseph Mundasseri:** I move: Chapter XXI may be recast as follows :—

CHAPTER XXI

Appointment of teachers in Government and Aided Schools.—

1. Notwithstanding anything contained in clause 6, of rule 2 in Chapter I, unless the context otherwise requires "District" shall mean the Revenue District or such other areas constituted by the Government as a District for purposes of this Chapter by notification in the Gazette.

2. Before the 31st October each year, the Head of every Government School and the Manager of every aided school and in cases of default by the Manager the Headmaster of such school shall prepare an estimate of the vacancies of teachers in the different categories which are likely to arise in the school as a result of retirement, opening of additional Divisions and higher Standards, granting of leave and other causes during the course of the ensuing school year and which are to be filled up by candidates to be selected by the Public Service Commission and shall forward the estimate to the District Educational Officer (through the Assistant Educational Officer in the case of schools

LIBRARY ARCHIVES Kerala Legislative Assembly

under the immediate control of the Assistant Educational Officer). The estimate shall contain full details such as the subject in the case of graduate teachers, the language in the case of language teachers, and the subject or subjects in which the person shall have specialised in the case of specialist teachers. If no vacancies are likely to arise a Nil Statement shall be sent.

3. The District Educational Officer shall consolidate the estimates received from the Headmasters and the Managers in his Educational District and shall forward the consolidated estimate to the Director before the 30th November adding to it the number of vacancies which are likely to arise as a result of opening of new schools or by the raising of the grade of the existing schools in the ensuing school year in the Educational District or by the retirement or probable promotions of inspecting staff in the Educational District and other causes.

4. The Director of Public Instruction shall consolidate on the basis of a District the estimate received from all the Educational Districts and shall apply to the Public Service Commission before the 31st December for selection of candidates in the different categories for each District.

5. The Public Service Commission shall thereupon proceed to select such number of candidates as may be deemed necessary having regard to the following considerations, namely :—

(i) the estimate of the probable number of vacancies forwarded by the Director of Public Instruction under rule 4;

(ii) provisions made by the Government under clause (4) of Article 16 and provisions made by the Government under Article 335 of the Constitution ;

(iii) allowance for a reasonable margin of choice of candidates by the managers of aided schools and due scope for the Government to meet their requirements ;

(iv) such other matters the Public Service Commission deem fit to consider.

6. (1) When a candidate is selected from the list and appointed in an aided school, the manager shall inform the District Educational Officer in charge of co-ordination work in the District immediately so that the candidate's name may be deleted from the list and subsequent selections confined to the remaining candidates in the list. Managers shall select candidates from the list so published. The power of appointment of teachers in Government schools shall vest in the District Educational Officers.

Note:—A candidate selected by a Manager for appointment in an aided school shall inform the Manager within one week from the date of receipt of intimation of selection, about his acceptance or otherwise of the appointment. If no such intimation is received, he shall be considered to have accepted the selection and his name shall be deleted from the list.

LIBRARY ARCHIVES Kerala Legislative Assembly

[Shri Joseph Mundasseri]

(2) The co-ordination work in each District in connection with the appointments shall be done by the District Educational Officer notified by the Director in that behalf. He shall also furnish to the Managers and to the other District Educational Officers, if any, in the District the list of candidates remaining unabsorbed after the initial selections for the year, so that candidates may be appointed from this residuary list for vacancies occurring later during the course of the school year.

7. Candidates shall specify in their application to the Public Service Commission the name of the District or Districts indicating the order of preference. The Public Service Commission may select them for appointment in any District according to vacancy.

8. The conditions regarding age-limit for appointment applicable to teachers of Government schools shall apply to teachers of aided schools also.

9. The Government may alter for any particular year the dates fixed in rules 2, 3 and 4.

10. If any difficulty arises in giving effect to the purposes of the Act or these Rules, it shall be lawful for Government by order do anything not inconsistant with the provisions of the Act or the Rules which appear to them necessary or expedient for removing such difficulty."

Shri T. A. Thomman: I had moved amendment and the Leader of the Opposition was speaking when the House rose. Today I wish to move certain other amendments.

Shri M. Narayana Kurup: They may be taken up separately.

Shri T. A. Thomman: In rule 5 (ii) as redrafted delete the words "and provisions made by the Government under Article 335".

Delete sub clause (iv) of rule 5 i. e. such other matters the Public Service Commission deem fit to consider"

My third amendment is, to add as proviso to (6) (i) the following: Provided the Manager may for sufficient reason select candidates from the list for any other district"

My fourth amendment is to delete rule No. 10 entirely.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: സർ, ഈ റൂൾസിലെ റൂൾ 8-നെ സംബന്ധിച്ചു എനിക്കു ചില സംശയങ്ങളുണ്ട്. അതിൽ പറയുന്നു "The conditions regarding age-limit for appointment applicable to teachers of Government schools shall apply to teachers of aided schools also". Let it be 25 or 26 or any other age.

Rule 10 is "If any difficulty arises in giving effect to the purposes of the Act or these rules, it shall be lawful for Government by order to do anything not inconsistent with the provisions of the Act or the rules which appear to them necessary or expedient for removing such difficulty".

LIBRARY ARCHIVES Kerala Legislative Assembly

1000 ആളുകളെ പബ്ലിക്ക് സർവീസ് കമ്മീഷൻ സെലക്ട് ചെയ്തു കഴിഞ്ഞിട്ടുണ്ടെങ്കിൽ 800 ആളുകളെ ഒന്നാമതെത്ത തവണ സെലക്ട് ചെയ്തു കഴിഞ്ഞാൽ ആ ലിസ്റ്റിൽ 200 ആളുകൾ ബാക്കിയുണ്ടാകും. ആ കൊല്ലം 50 ആളുകൾകൂടി വേണ്ടിവന്നാൽ ആ ലിസ്റ്റിൽനിന്നു 50 ആളുകളെ എടുക്കും. ബാക്കി 150 ആളുകളുണ്ടാകും. അവർ പിന്നെ ഓരോകൊല്ലവും ഹാജികളും മറ്റുമായി പബ്ലിക്ക് സർവീസ് കമ്മീഷൻ മുമ്പാകെ നടക്കുവാനുള്ള ഒരു സാഹചര്യം വന്നുപോകുന്നു. അതിൽ എനിക്ക് ഉൽക്കണ്ഠയുണ്ട്. ലിസ്റ്റിൽ ബാക്കിയുള്ള ആളുകളിൽ പത്തും പതിനൊന്നും കൊല്ലം സർവീസുള്ള ടീച്ചർമാരുണ്ടാകും. അവരുടെ കുറ്റംകൊണ്ടല്ലാതെ ഉദ്യോഗത്തിൽനിന്നു റിട്ടേഞ്ച് ചെയ്തിട്ടുള്ള അദ്ധ്യാപകന്മാരുണ്ട്. അവരിൽ 25 വയസ്സു കഴിഞ്ഞ അദ്ധ്യാപകന്മാരുണ്ടാകും. ഒരുത്തന്റെയും കുറ്റംകൊണ്ടല്ലാതെ ജോലിയില്ലാതെ പുറത്തു നിൽക്കുന്ന അദ്ധ്യാപകന്മാരെ വയസ്സുക്വിച്ചിയിൽനിന്നു ഒഴിവാക്കണമെന്നുള്ളതാണ് എന്റെ ഉദ്ദേശം. ഇതു ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിട്ടുള്ള ഒരു നയമാണ്.

"If any difficulty arises in giving effect to the purposes of the Act or these rules, it shall be lawful for Government by order to do anything not inconsistent with the provisions of the Act or the rules which appear to them necessary or expedient for removing such difficulty."

എന്തെങ്കിലും വിഷമം ഉണ്ടായാൽ ഈ 10-ാം റൂൾ അതിനു നിവൃത്തി ഉണ്ടാക്കാൻ കഴിയുമോ എന്നെനിക്കറിഞ്ഞുകൂടാ.

Shri Joseph Mundasseri: It is regarding age-limit. That includes the power of Government to relax the rules.

ശ്രീ. എം. നാരായണക്കുറുപ്പ്: സർ, ഇതിലെ 10-ാമത്തെ ചട്ടത്തെ ഞാൻ എതിർക്കുകയാണ്. അതു് നിയമവിരുദ്ധംകൂടിയാണെന്നാണ് എനിക്കു തോന്നുന്നതു്. നിയമസഭ ഇങ്ങനെ റൂൾസ് ഉണ്ടാക്കുന്നതിനു ഗവണ്മെന്റിനു അധികാരംകൊടുത്തു. അതനുസരിച്ചു് ഗവണ്മെന്റു ചട്ടം ഉണ്ടാക്കി. ആ ചട്ടങ്ങളം നടപ്പിലാക്കുവാൻ വേറെ ഡിപ്പാർട്ടുമെന്റൽ ഓർഡേഴ്സ് പുറപ്പെടുവിക്കാം എന്നു പറയുന്നതു ശരിയാണ്. ഏതു തരത്തിലും ഗവണ്മെന്റിനു ഓർഡർ പുറപ്പെടുവിക്കാം. നിയമനിർമ്മാണത്തിനു ഗവണ്മെന്റിനു അധികാരം കൊടുത്തുകഴിഞ്ഞാൽ അതിൽനിന്നും ഉണ്ടാകുന്ന ദുർവ്യഖ്യാനങ്ങളം നീക്കുവാനും ഗവണ്മെന്റിനു ഓർഡർ പുറപ്പെടുവിക്കാനുമുള്ള അധികാരം വീണ്ടും ഡെലിഗേറ്റു ചെയ്തുകൊടുക്കുന്നതു ശരിയല്ല. അതുകൊണ്ട് 10-ാമത്തെ വകുപ്പിനെ ഞാൻ എതിർക്കുകയാണ്.

[Shri K. M George in the Chair]

Shri T. A. Thomman: Art. 16 deals with backward communities. 16 (4) states:

"Nothing in this article shall prevent the State from making any provision for the reservation of appointments or posts in favour of any backward class of citizens which, in the opinion of the State, is not adequately represented in the services under the State".

Art. 335 states:

"The claims of the members of the Scheduled Castes and Scheduled Tribes shall be taken into consideration, consistently with the maintenance of efficiency of administration, in the making of appointments to services and posts in connection with the affairs of the Union or of a State."

LIBRARY ARCHIVES Kerala Legislative Assembly

[Shri T. A. Thomman]

So under the Constitution there can be special provisions made under rule 16 (4) for special representation to backward communities. Under Art. 335 special consideration to Scheduled Castes and Scheduled Tribes is provided. Special provisions had to be made when we passed Section 11 under clause 4 of Art. 16 of the Constitution. It would have been necessary if the Legislature wanted to give special representation to incorporate it in the Section itself and provision made under Art. 335 of the Constitution. Since that has not been done under the rule-making powers, Government is not competent now to give special protection like this. Only special protection is given to persons coming under Art. 16(4). Of course it is a lacuna and since it is a lacuna it is necessary to amend the Act. But this rule has to be deleted. The expression "such other matters the Public Service Commission consider" is too vague. Even the Public Service Commission has to carry out its work under definite rules and instructions and not in accordance with their discretion. Section 11 says:

> "The Public Service Commission shall, as empowered by this Act, select candidates for appointment as teachers in Government and aided schools".

> "Teachers of aided schools shall be appointed by the manager only from the candidates so selected for the district in which the school is located, provided that the manager may, for sufficient reason, with the permission of the Public Service Commission, appoint teachers selected for any other district".

[Mr. Speaker in the Chair.]

So, in the very section itself, discretionary power is conferred upon the manager to select candidates from the list of another district with the permission of the Public Service Commission. The object of my amendment is to add a proviso so that as provided in the Section itself, the manager will be competent to appoint teachers from other districts with the permission of the Public Service Commission.

Mr. Speaker: It is in the Act. If it is not in the rules, the provision in the Act can give the effect.

Shri T. A. Thommen: If that is the case, it was not necessary to say that the manager is given power to select teachers from the District. When it is not specifically provided all the trouble comes in. If it was not in these rules there will be no difficulty. It becomes necessary when it is specifically provided that the teachers selected shall be from a list of his own district. It is necessary to add as a proviso what is incorporated in Section 11.

Then with regard to my next amendment for the deletion of Rule 10. This is what section 35 says:

LIBRARY ARCHIVES Kerala Legislative Assembly

"If any difficulty arises in giving effect to the provisions of this Act, the Government may, by order, do anything not inconsistent with such provisions which appear to them to be necessary or expedient for the purpose of removing the difficulty".

So, that power is conferred by the Section itself. I cannot find the necessity of incorporating this again in the rules. So that has to be deleted.

ശ്രീ. കെ. എം. ജോർജ്ജ്: ഞാൻ ഒറിജിനൽ റൂളിനു് ഒരു ഭേദഗതി കൊടുത്തിട്ടുണ്ടു്. ഇപ്പോൾ ആ ഭേദഗതി അതേരീതിയിൽ അവതരിപ്പിക്കാൻ പാടില്ല. അതുകൊണ്ടു് ശ്രീ. ടി. ഏ. തൊമ്മന്റെ ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു് എനിക്കു പറയാനുള്ള കാര്യങ്ങളും പറയാൻ ആഗ്രഹിക്കുകയാണു്. വിദ്യാഭ്യാസ ആക്ടിൽ 13-ാംവകുപ്പിൽ ഭരണഘടനയിലെ ആർട്ടിക്കിളും 16 (4) നെ പരിഗണിച്ചുവേണം പബ്ലിക്കു് സർവീസു് കമ്മിഷൻ ലിസ്റ്റു് തയാറാക്കേണ്ടതെന്നു പറഞ്ഞിട്ടുണ്ടു്. പബ്ലിക്കു് സർവ്വീസു് കമ്മിഷൻ എന്തെല്ലാം കാര്യങ്ങളും പരിഗണിക്കണമെന്നു് ഭരണഘടനയിലെ 320-ാം ആർട്ടിക്കിളിൽ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ടു്. അതുപോലെ പുറമേ വിദ്യാഭ്യാസ ആക്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ആർട്ടിക്കിളും 335 കൂടി പരിശോധിച്ചുവേണം ചെയ്യാൻ. അതു വിദ്യാഭ്യാസ ആക്ടിന്റെ പരിധിക്കപ്പുറത്തുള്ളതാണു്. അങ്ങിനെ ചെയ്യുന്നതിനു ഗവണ്മെന്റിനു് അവകാശമില്ല, അങ്ങിനെ ചെയ്താൽ നിലനിൽക്കുകയുമില്ല. 335-ാം ആർട്ടിക്കിളിൽ ശ്രീ. തൊമ്മൻ പറഞ്ഞതുപോലെ ഇപ്രകാരമാണു് പറഞ്ഞിരിക്കുന്നതു്. ഇതു് ഷെഡ്യൂൾഡ് കാസ്റ്റിനും, ഷെഡ്യൂൾഡ് ട്രൈബ്സിനും പ്രത്യേക പരിഗണന കൊടുക്കുന്നതിനു വിഭാവനം ചെയ്തിട്ടുള്ള ആർട്ടിക്കിളാണു്. ആർട്ടിക്കിളും 16 അതുപോലുള്ളതല്ല. ആർട്ടിക്കിളും 335.

The claims of the members of the Scheduled Castes and the Scheduled Tribes shall be taken into consideration, consistently with the maintenance of efficiency of administration in the making of appointments to services and posts in connection with the affairs of the Union or of a State.

അതുകൊണ്ടു് 4-ാം ഉപവകുപ്പും ഡിലീറ്റ് ചെയ്യണമെന്നുള്ള ശ്രീ. തൊമ്മൻ അവതരിപ്പിച്ച ഭേദഗതിയെ പിൻതാങ്ങുകയാണു്. പബ്ലിക്കു് സർവ്വീസു് കമ്മീഷൻ എന്തെല്ലാം പരിഗണിക്കണമെന്നു് ആർട്ടിക്കിളും 320-ൽ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഇതിൽ വ്യക്തമല്ലാത്ത നിർദ്ദേശങ്ങളും വയ്ക്കുന്നതുകൊണ്ടു് വിശേഷമൊന്നുമില്ല. അതു് ആവശ്യമില്ലാത്ത കുഴപ്പങ്ങളും പ്രയാസങ്ങളും ഉണ്ടാക്കാനേ സഹായിക്കയുള്ളു.

10-ാമത്തെ റൂളും ഡിലീറ്റ് ചെയ്യേണ്ടതാണു്. ഈ റൂളുകളിലും ആക്ടുകളിലും ഉൾപ്പെടാത്ത കാര്യങ്ങളും എന്തിനെങ്കിലും അതു നടപ്പിലാക്കുന്നതിനുവേണ്ടി ഗവണ്മെന്റിനു്. എന്തെങ്കിലും ആർഡർ പാസാക്കാമെന്നു് വന്നാൽ നാം ഈ പറയുന്നതെല്ലാം അസ്ഥാനത്താണു്. അതുകൊണ്ടു് ആ റൂളും ഡിലീറ്റ് ചെയ്യേണ്ടതു് അനുകൂലസിദ്ധമായ ഒരു കാര്യമാണു്.

Shri E. P. Poulose: I have already moved an amendment to the original rule. There are other amendments in respect of it which I have tabled. I may be permitted to move them as amendments to the new amendment moved by the Minister.

Mr. Speaker: Which is the rule?

Shri E. P. Poulose: To rule 5 (2).

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : But it would be more relevant to Rule 6.

Shri E. P .Poulose : I follow. Then I may be permitted to move my next amendment in the original list which is to the same effect as Mr. Thomman's amendment. There is one difficulty in this. In my original amendment I have included things part of which should come as amendment to rule 6 (1).

I also move : In Chapter XXI Rule 5 insert as sub-rule (2) the following and re-number the remaining clauses :

"(2) Managers of aided schools may select for appointment any one candidate from the list for the District in which the school is located, provided that the Manager may for sufficient reason, with the permission of the Public Service Commission appoint teachers selected for any other district. District Educational Officers in making appointments to the departmental schools shall follow the District list in the order of merit of selected candidates, and with due regard to the provision made by the Government under clause (4) of article 16 of the Constitution", and

In Chapter XXI Rule 8 omit the words "Article 335 and" between the words "by the Government" and the words "clause (4)".

In the amendment moved on 15-5-1959. I had suggested that the Public Service Commission shall put the list in the order of merit of the candidates who have been interviewed by them. The list should follow certain order of merit. From that list the managers are at liberty to choose any one either from the District or with sufficient reasons from some other district. From the remaining candidates in the list the District Education Officer shall be bound to follow an order of priority subject to the provisions of clause 4 of Art. 16 of the constitution.

Sir, when a list with a very large number of teachers is prepared and the managers are asked to choose a particular number from that list there will be a vast number of candidates who will be vieing with each other for a place in the Department. In such circumstances unless merit is also considered and the list is prepared in accordance with certain rules for determining the order of merit there will be complaints that the Education Officer has discriminated against certain candidates. The only thing to be done is to safe-guard the interests of the back ward communities. If this is not done even though there is a large number of candidates in the list, the majority of them will have no chance of getting into the service if they are not able to influence the District Educational Officer. So, I suggest that the rule may be modified according to my amendment.

"Managers of aided schools may select for appointment any one candidate from the list for the District in which the school is located, provided that the Manager may for sufficient reason with the permission of the Public Service Commission appoint

LIBRARY ARCHIVES Kerala Legislative Assembly

33670

teachers selected for any other District. District Educational Officers in making appointments to the Departmental schools shall follow the District list in the order of merit of selected candidates, and with due regard to the provisions made by the Government under clause (4) of Article 16 of the Constitution." That includes the amendment moved by Shri T. A. Thomman.

A word with regard to Mr. Thomman's amendment, which I have also moved. At this late stage Government thought it necessary to insert the spirit of Article 335 of the Constitution in the published rules. It might have been an omission when the Bill was being discussed and enacted into law. Any way it will be *ultra vires* of the parent Act to introduce Article 335 in the Rules now published. I submit that it will be competant for the Public Service Commission and the Government to safeguard the interests of Scheduled Tribes and Scheduled Castes because there are powers vested under Article 335 of the Constitution. The only difference is that Government will not be bound to accept the claims of scheduled tribes and castes as if they are appointments made with due regard to the provisions of Article 335. It may also be necessary to exclude the operation of Article 335 from the rules because Article 335 speaks of appoin ments to State Service. Whether appoi tments to private schools can be reckoned as appointments to public service is a question on which there will be difference of opinion. So it is safer to avoid Article 335 from the rules to be framed under Section 11 of the Act. If this question that is now being agitated outside the Legislature is to be settled among the various parties who are interested in it, probably the inclusion of Article 335 in the Rules will prevent any such agreement for subsequent implementation because Article 335 will be imperative in its application. It will not be possible in the next 10 years provided for in the Constitution. But if it is omitted in the interests of scheduled castes and scheduled tribes Government can implement it under Article 16 (4) of the Constitution by any agreement that is reached between the different communities. So, I suggest that my amendment may be accepted by the House.

Smt. Kusumom Joseph: Sir, I move that in Chapter XXI omit Rule 8.

Rule 8 says: "The conditions regarding age limit for appointment applicable to teachers of Government schools shall apply to teachers of aided schools also."

പ്രൈവറേ സ്കൂളധ്യാപകന്മാരുടെ സർവീസ് കണ്ടീഷൻസ് ഗവണ്മെൻറ് സ്കൂളധ്യാപകന്മാരുടെ സർവീസ് കണ്ടീഷൻസ് തുല്യമാക്കിയിട്ട് ഇങ്ങനെയൊരു വ്യവസ്ഥ കൊണ്ടുവന്നിരുന്നു എങ്കിൽ, ഞാൻ ആക്ഷേപിക്കുകയില്ലായിരുന്നു. എന്നാൽ പ്രൈവറേ സ്കൂളധ്യാപകന്മാർക്ക് പെൻഷനെ സംബന്ധിച്ചും മറ്റും ഗവണ്മെൻറ് സ്കൂളധ്യാപകന്മാർക്ക് ലഭിക്കുന്നതു ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഇവിടെ വിദ്യാഭ്യാസനിയമം പരിശോധനയ്ക്കുവന്നപ്പോൾ, പ്രൈവറേ സ്കൂളധ്യാപകന്മാരുടെ സർവീസ് കണ്ടീഷൻസും ശമ്പളവ്യവസ്ഥയും മറ്റും ഗവണ്മെൻറധ്യാപകന്മാരോടു തുല്യമാക്കണമെന്നു ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കുസുമം ജോസഫ്]

പ്പെട്ടിരുന്നു. അപ്പോൾ വിദ്യാഭ്യാസമന്ത്രി മറുപടി പറഞ്ഞതു്, രൂക്ഷകരം ചെറുക്കുവരുമ്പോൾ, അതിൽ വേണ്ട വ്യവസ്ഥകളും ചെയ്തുകൊള്ളാമെന്നായിരുന്നു എന്നാൽ ആ ഭാഗം രൂപം ഉണ്ടാക്കിക്കൊണ്ടുവന്നപ്പോൾ വിദ്യാഭ്യാസമന്ത്രി അതു സൗകര്യമായി വിട്ടിരിക്കുകയാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ആക്ടിൽ 12-ാമത്തെ വകുപ്പിൽ താഴെ പറയുന്ന പ്രൊവിഷൻകൂടി പാസാക്കിയിട്ടുണ്ടു്.

12 (2) The conditions of service relating to pension, provident fund, insurance and age of retirement applicable to teachers of Government schools shall apply to teachers of aided schools—

(i) who are appointed under Section 11 after the commencement of this Section; and"

I am just bringing that to the attention of the member.

ശ്രീമതി കുസുമം ജോസഫ്: ഇന്നു ജോലിയിൽ പ്രവേശിച്ചിട്ടുള്ള അദ്ധ്യാപകന്മാർക്കു പ്രത്യേകമായ വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ടല്ല ആ 12-ാം വകുപ്പു നിലനിൽക്കുന്നതെന്നു ഞാൻ ബഹുമാനപ്പെട്ടമെയുടെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഇന്നു പ്രൈവറ്റ് സ്കൂളദ്ധ്യാപകനു ഗവണ്മെൻറ് സ്കൂളദ്ധ്യാപകനോടൊപ്പം ശമ്പളവും മറ്റു സൗകര്യങ്ങളും ലഭിക്കാൻ അർഹതയുണ്ടു്. ഇതുവരെ പ്രൈവറ്റ് സ്കൂളിൽ അല്പമായ ശമ്പളം പറ്റി ജോലി നോക്കിവന്ന ഒരദ്ധ്യാപകനു ഇനിയുള്ള മുഴുങ്ങിയകാലത്തേക്കെങ്കിലും, ഗവണ്മെൻറ് സ്കൂളദ്ധ്യാപകനു ലഭിക്കുന്ന ശമ്പളവർദ്ധനവും മറ്റു സൗകര്യങ്ങളും ലഭിക്കത്തക്ക ഒരു പരിതഃസ്ഥിതി ഈ രാജ്യത്തുണ്ടാകണമെന്നാണെന്റെ അഭിപ്രായം. അഥവാ 12-ാംവകുപ്പനുസരിച്ചു് ഗവണ്മെൻറ് സ്കൂൾ ടീച്ചേഴ്സിന്റെയും പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സിന്റെയും എല്ലാ സൗകര്യങ്ങൾ കണ്ടിഷനും തുല്യമാണെന്നിരിക്കെ, പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സിന്റെ കാര്യത്തിൽമാത്രം ഏജ് ലിമിറ്റിനെപ്പറ്റി ഇത്രയെടുത്തുപറയേണ്ടകാര്യമെന്താണെന്നു ഞാൻ ചോദിക്കുന്നു.

മാനേജരന്മാർ, പബ്ലിക് സർവ്വീസ് കമ്മീഷൻ കൊടുക്കുന്ന ലിസ്റ്റിൽനിന്നും അദ്ധ്യാപകന്മാരെ നിയമിച്ചുശേഷം, ബാക്കിവരുന്ന ടീച്ചേഴ്സിനെ ഗവണ്മെൻറ് സ്കൂൾ ടീച്ചേഴ്സായിട്ടു മെരിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം നിയമിക്കേണ്ടതാണെന്നുള്ള ഒരു ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുണ്ടു്. ആ ഭേദഗതിയോടു് ഞാനും യോജിക്കുന്നു അങ്ങനെ നിയമനം നടത്തിയില്ലെങ്കിൽ, അക്കാര്യത്തിൽ വളരെയധികം അഴിമതികൾ ഉണ്ടാകാനിടവരും. ഇന്നു ഗവണ്മെൻറ് സ്കൂളിലെ ഒരദ്ധ്യാപകൻ ഒരു സ്ഥലംമാറ്റത്തിനുവേണ്ടി ശ്രമിച്ചാൽപോലും വലിയ കൈക്കൂലി കൊടുക്കേണ്ട സാഹചര്യമാണു് ഇവിടെ ഉള്ളതു്. അങ്ങനെ, ഒരദ്ധ്യാപകനോ, അദ്ധ്യാപികയോ, ഒന്നോരണ്ടോ മാസത്തെ ശമ്പളം കൈക്കൂലി കൊടുക്കേണ്ടസാഹചര്യം ഇന്നു നിലവിലിരിക്കെ, മെരിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ അവിടെ നിയമനങ്ങളും നടത്താവൂ എന്നു സ്പെസിഫൈ ചെയ്തിട്ടുള്ള ഒരു നിയമം വച്ചില്ലെങ്കിൽ ഗവണ്മെൻറ് സ്കൂളുകളിലേക്കുള്ള നിയമനകാര്യത്തിൽ വലിയ അഴിമതികളും കുഴപ്പങ്ങളും ഉണ്ടാകാനിടയുണ്ടു്. മാത്രമല്ല, ഗവണ്മെൻറ് സ്കൂളിലേക്കു് നിയമിക്കപ്പെടേണ്ടവരുടേതിനേക്കാൾ ലിസ്റ്റിലുള്ളവരുടെ എണ്ണം വളരെ കൂടുതലാണു്. ഈ റൂളിൽ

"allowance for a reasonable margin of choice of candidates by the managers of aided schools and due scope for the Government to meet their requirements."

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി. കുസുമം. ജോസഫ്]

എന്നു പറയുന്നതുകൊണ്ടുതന്നെ വാസ്തവത്തിലാവശ്യമുള്ള അധ്യാപകന്മാരേക്കാൾ കൂടുതൽ അധ്യാപകന്മാരെ സെലക്ട് ചെയ്യുന്നതിനുള്ള പ്രൊവിഷൻ കൂടി ഈ റൂളിലുണ്ട്. അപ്പോൾ, എങ്ങനെയെങ്കിലും ഈ ലിസ്റ്റിൽ കടന്നുകൂടുവാനുള്ള വ്യഗ്രത അധ്യാപകന്മാർ കാണിക്കും. അതോടൊപ്പം ലിസ്റ്റിൽ കടന്നുകൂടിയ ആളുകൾ എങ്ങനെയെങ്കിലും ഗവണ്മെൻറ് സ്കൂളിൽ പ്രവേശിക്കുന്നതിനുള്ള ശ്രമവും നടത്തും. അതുകൊണ്ട് മെരിറ്റിൻറെ അടിസ്ഥാനത്തിൽത്തന്നെ നിയമിക്കുന്നതാണെന്നു വ്യക്തമാക്കിയിട്ടില്ലെങ്കിൽ, ഓരോ നിയമനം നടത്തുമ്പോഴും സ്വാധീനത ചെലുത്തുന്നതിനും അഴിമതികൾ ഉണ്ടാകുന്നതിനും ഇടയുണ്ട്. ഇതിനൊരു പരിഹാരമായിട്ടാണ് ഈ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ പറയുന്നത്.

[Shri K. M. George in the Chair]

ശ്രീ. സി. എ. മാത്യു : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. തൊമ്മൻ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. ആ ഭേദഗതിയെ അനുകൂലിച്ചുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മിഷൻ നൽകിയിട്ടുള്ള അധികാരങ്ങളെ സംബന്ധിച്ച് ചില കാര്യങ്ങൾ വിശദീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.. ഗവണ്മെൻറ് ആദ്യമേ പ്രസിദ്ധപ്പെടുത്തിയ റൂളിൽ ലിസ്റ്റ് തയാറാക്കുമ്പോൾ ആവശ്യമുള്ളതിനേക്കാൾ കണക്കാക്കപ്പെടുന്ന അധ്യാപകന്മാരുടെ 25 ശതമാനം കൂടുതൽ വരുന്ന അധ്യാപകരെ തിട്ടപ്പെടുത്തുന്നതിനുള്ള അധികാരം വിദ്യാഭ്യാസ ഡയറക്ടർക്ക് നീക്കിവയ്ക്കുകയായിരുന്നു ചെയ്തത്. 25 ശതമാനം ആവശ്യത്തിൽക്കവിഞ്ഞു അധ്യാപകരെ തിരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശം പബ്ലിക് സർവ്വീസ് കമ്മിഷനു കൊടുക്കണമെന്നുള്ള വ്യവസ്ഥയായിരുന്നു വച്ചത്. എന്നാൽ ഇപ്പോൾ പുതുക്കിയ ചട്ടമനുസരിച്ച് ഡയറക്ടർ അങ്ങനെ ഏതെങ്കിലും ശതമാനം കൂടുതൽ നിശ്ചയിക്കേണ്ട കാര്യമില്ലെന്നും പബ്ലിക് സർവ്വീസ് കമ്മിഷൻ മൊത്തത്തിൽ മൂന്നുപാട്ടകം കണക്കിലെടുത്തുകൊണ്ട് മാനേജരന്മാരെ സംബന്ധിച്ചിടത്തോളം സ്വതന്ത്രമായി നിയമനം നടത്തുവാനും, ഗവണ്മെൻറ് സ്കൂളുകളിൽ നിയമനം നടത്തുവാനും ആവശ്യമായിടത്തോളവും, അധ്യാപകരെ തിരഞ്ഞെടുക്കുവാനുള്ള അധികാരം പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുത്തിരിക്കുകയാണ്.

Chairman : Are yon referring to Rule 4?

Shri C. A. Mathew : Yes.

Chairman : Tl ere is no mention about the percentage there.

ശ്രീ. സി. എ. മാത്യു : അതു പറഞ്ഞിട്ടില്ല. അതിലാണ് എനിക്ക് അക്ഷേപമുള്ളതു്. അതിനുള്ള പരിപൂർണ്ണ അവകാശം പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുത്തിരിക്കുകയാണ്. ആദ്യത്തെ ചട്ടമനുസരിച്ച് ഡയറക്ടർക്കുവച്ചിരുന്ന അധികാരം പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുന്നതു് ഒരിക്കലും ശരിയായിരിക്കുകയില്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളതു്.

ഡിപ്പാർട്ടുമെൻറ് ആവശ്യത്തിൽകവിഞ്ഞു 25 ശതമാനം മാത്രം ഉള്ള ഒരു ലിസ്റ്റ് ഉണ്ടാക്കണമെന്നു നിജപ്പെടുത്തുന്നതു് തത്വത്തിൽ ശരിയായിരിക്കുകയില്ല എന്ന അഭിപ്രായം ഈ ഭാഗത്തുനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ 11 -ാംവകുപ്പു് ചർച്ച ചെയ്തു നിയമമാക്കുന്ന അവസരത്തിൽ ഈ ലിസ്റ്റ് തയാറാക്കുന്ന അവസരത്തിൽ കഴിയുന്നിടത്തോളം യോഗ്യതയുള്ള അധ്യാപകന്മാരെമാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ലിസ്റ്റായിരിക്കണമെന്നും അവരെ നിയമിക്കുന്ന കാര്യം മാനേജരന്മാർ ശരിപ്പെടുത്തിക്കൊള്ളുമെന്നും വിദ്യാഭ്യാസമന്ത്രി പറഞ്ഞതു് ഞാൻ ഇന്നു് ഓർമ്മിക്കുകയാണ്. ആദ്യത്തെ ചട്ടത്തിൽ 25 ശതമാനം എന്നുള്ള വ്യവസ്ഥ ഏർപ്പെടുത്തി. ഈ നാട്ടിൽ അങ്ങോളമിങ്ങോളം അതേപ്പറ്റി എതിർപ്പുണ്ടായിട്ടുപോലും ഗവണ്മെൻറിൻറെയും ഡിപ്പാർട്ടുമെൻറിൻറെയും നിർദ്ദേശത്തോടുകൂടി മാത്രം തിരഞ്ഞെടുക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എ. മാത്യു]

അധികാരം എങ്ങനെ വേണം, എത്ര വേണം എന്നുള്ള കാര്യം കൂടി നിശ്ചയിക്കാനുള്ള അധികാരം കൊടുക്കുകയാണു്. അവക്ക് അങ്ങനെ ചെയ്യുന്നതിനുള്ള അധികാരം ഉണ്ടോ എന്നുകൂടി എനിക്കു് സംശയമുണ്ടു്. പബ്ലിക്കു് സർവ്വീസു് കമ്മിഷനാണു് ലിസ്റ്റു തയാറാക്കി തിരഞ്ഞെടുപ്പു നടത്തേണ്ടതു്. അങ്ങനെ പബ്ലിക്കു് സർവ്വീസു് കമ്മിഷനു് ഡിപ്പാർട്ടുമെന്റു നിർദ്ദേശം കൊടുക്കുന്നതും മറ്റുമായിട്ടുള്ള കാര്യങ്ങളും ഭരണഘടനയിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളും അനുസരിച്ചു് നോക്കുമ്പോൾ പ്രായോഗികമായിട്ടുള്ളതാണോ എന്നുള്ളതിനെപ്പറ്റിയും ഞാൻ പറയാൻ ഒരുങ്ങുന്നില്ല. എത്ര കൂടുതൽ വേണമെന്നു് നിശ്ചയിക്കാനുള്ള അവകാശം ഡിപ്പാർട്ടുമെന്റിനാണു് കൊടുത്തിട്ടുള്ളതു്. അതു് പബ്ലിക്കു് സർവ്വീസു് കമ്മീഷൻ നിശ്ചയിക്കണം. എന്നാൽ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നതനുസരിച്ചു് അതു് പബ്ലിക്കു് സർവ്വീസു് കമ്മിഷന്റെ അധികാരപരിധിക്കപ്പുറത്തുള്ള കാര്യമാണെന്നാണെന്റെ വിശ്വാസം. ആദ്യം പ്രസിദ്ധപ്പെടുത്തിയ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ചില മാനേജരന്മാർക്കു് നിയമനാധികാരം ലഭിക്കുന്നതും അവരെ ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ അധികാരപ്പെടുത്തുന്നതുമായ നിബന്ധനകളും ഇതിൽ എഴുതിച്ചേർക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. എം. സി. എബ്രഹാം: ബഹു മാനപ്പെട്ട വിദ്യാഭ്യാസമന്ത്രി റീഡ്രാഫ്റ്റു ചെയ്തു് ഈ ചട്ടങ്ങളുണ്ടാക്കി ഇവിടെ അവതരിപ്പിച്ചിരിക്കുകയാണു്. ഈ ചട്ടങ്ങളും മുമ്പു് ഇവിടെ അവതരിപ്പിച്ചതിലും കുറെക്കൂടി പിൻതിരിപ്പനായിപ്പോയി എന്നാണെന്റെ അഭിപ്രായം. റൂൾ 5-(iii)-ൽ

> "allowance for a reasonable margin of choice of candidates by the managers of aided schools and due scope for the Government to meet their requirement."

എന്നാണു് പറയുന്നതു്. അതു വളരെ അവ്യക്തമായിട്ടു ചേർത്തിരിക്കുകയാണു്. പബ്ലിക്കു് സർവ്വീസു് കമ്മിഷൻ ഈ റൂൾ അനുസരിച്ചു് മാനേജ്മെന്റിനു് നിയമിക്കാനായിട്ടു് റീസണബിൾ മാർജിൻ ഓഫ് അപ്പോയിന്റുമെന്റുകൂടി പരിഗണിച്ചു വേണം എന്നാണു് പറഞ്ഞിരിക്കുന്നതു്. പക്ഷെ അതു പബ്ലിക്കു് സർവ്വീസു് കമ്മിഷൻ മുഖേന എങ്ങനെയാണു് സാധിക്കുന്നതു്. ശ്രീമാൻ സി. എ. മാത്യു പറഞ്ഞതുപോലെ ഒഴിവനുസരിച്ചുള്ള ലിസ്റ്റു തയാറാക്കുക, Reserve ആയി 25 ശതമാനം കൂടി select ചെയ്യുക എന്നായിരുന്നു ആദ്യം കൊണ്ടുവന്ന ചട്ടത്തിൽ ഉണ്ടായിരുന്നതു്. എന്നാൽ ഇപ്പോൾ അതെല്ലാം പോയി. ഈ വിദ്യാഭ്യാസബില്ലിലെ 11-ാം വകുപ്പു സംബന്ധിച്ചതന്നെ അതു് ഭരണഘടനയ്ക്കു് അനുഗുണമാണോ, എതിരാണോ എന്നുള്ളതു് വാദവിഷയമായ ഒരു സംഗതിയാണു്. ഈ വകുപ്പിനെ സംബന്ധിച്ചു് ഈ രാജ്യത്തു വലുതായ ഒരു പ്രക്ഷോഭണംതന്നെ നടന്നുകൊണ്ടിരിക്കുകയാണു്. ഞാൻ അതു പറയുമ്പോൾ ആരും തെറ്റിദ്ധരിക്കരുതു്. ഇവിടെ ഈ ബില്ലിലെ 11-ാം വകുപ്പു ചർച്ച ചെയ്ത അവസരത്തിൽ പ്രൈവറ്റു് സ്കൂളുകളിൽ നിയമനം നടത്തുന്നതിനു് മാനേജരന്മാർക്കു് അധികാരം ഉണ്ടായിരിക്കും എന്നും, എന്നാൽ അവിടെ നടത്തുന്ന നിയമനങ്ങളും കണക്കിലെടുത്തുകൊണ്ടു് സംവരണം അനുവദിക്കപ്പെട്ടിട്ടുള്ള സമുദായങ്ങൾക്കു് ഗവണ്മെന്റു് സർവ്വീസിൽ നിയമനം നൽകണമെന്നും സമ്മതിച്ചിട്ടുണ്ടു്. ആ അഭിപ്രായം ഇവിടെ കഴിഞ്ഞ ദിവസം പ്രതിപക്ഷനേതാവു വളരെ വ്യക്തമായി പ്രതിഭിക്കുകയും ചെയ്തു. 11-ാം വകുപ്പു് എത്രകണ്ടു ഭരണഘടനയ്ക്കു് അനുയോജ്യമാണു് എന്നുള്ളതിനെപ്പറ്റി ഞാൻ കൂടുതലായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന റൂളുകളും ഭരണഘടനാവകുപ്പുകളെ ലംഘിക്കുന്നതാണു്. അങ്ങനെ ഒരു റൂൾ കൊണ്ടുവരേണ്ട ആവശ്യമില്ല. അതു ഭരണഘടനാവിരുദ്ധമാണെന്നു സന്ദേഹമില്ല. ഇതു് ഈ രാജ്യത്തു് ഇന്നുനടന്നുകൊണ്ടിരിക്കുന്ന അവകാശവാദത്തെ അണുപോലും ബഹുമാനിക്ക

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. ഏതായാലും ഈ എഡ്യൂക്കേഷൻ റൂളിന്റെ കൂട്ടത്തിൽ അദ്ധ്യാപക ന്മാരുടെ വേതനം സംബന്ധിച്ചുള്ള റൂളുകൾ എല്ലാം മാറ്റിവച്ചിരിക്കുകയാണ്. അതുപോലെ ഈ 11-ാം വകുപ്പിനെ സംബന്ധിച്ചുള്ള റൂളും ഈ രാജ്യത്തെ പ്രക്ഷോഭണത്തെ പരിഗണിച്ച് ഏതു നിലയിലും മാറ്റിവയ്ക്കേണ്ടതായിരുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : എന്താണ് ഈ അവകാശവാദം ? പ്രൈവറ്റ് സ്കൂളുകളിൽ നിയമനം നടത്തുന്നതിനുള്ള അവകാശം ഇപ്പോഴും ഉണ്ടല്ലോ. സംവരണത്തെ സംബന്ധിച്ച് വല്ലതുമാണോ, നിയമനാധികാരമാണെങ്കിൽ അതു് ഇപ്പോഴും ഉണ്ടല്ലോ.

ശ്രീ. എം. സി. ഏബ്രഹാം : സംവരണത്തെ സംബന്ധിച്ച് ഇവിടെ ആക്ഷേപമില്ല. ഇപ്പോൾ മാനേജരന്മാർക്ക് നടത്താനുള്ള scope of choice കുറച്ച് ഇടുങ്ങിയിട്ടുണ്ട്. അവർക്ക് ഇഷ്ടമുള്ള അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കാൻ ഉള്ള പരിതഃസ്ഥിതിയില്ല.

ശ്രീ. ഏ. എം. കല്യാണകൃഷ്ണൻ നായർ : എത്രവരെ കൊടുത്താലാണ് മാനേജർക്ക് തൃപ്തിയാകുന്നത് ?

ശ്രീ. എം. സി. ഏബ്രഹാം : നിയമനം നടത്തുന്നതിനു് മാനേജർക്ക് അധികാരം ഉണ്ടായിരിക്കണം. അധികാരത്തിന്റെ വ്യാപ്തി ടീച്ചറായിട്ട് നിയമിക്കാൻ യോഗ്യതയുള്ള ആരെയും നിയമിക്കുന്നതിനുള്ള അധികാരം മാനേജർക്ക് ഉണ്ടായിരിക്കണം എന്നാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഈ ലിസ്റ്റിൽനിന്നും നിയമിക്കാൻ അധികാരമില്ലേ ?

Chairman : Order, order. If you yield, please resume your seat.

ശ്രീ. എം. സി. ഏബ്രഹാം : ലിസ്റ്റിൽ എല്ലാവരേയും ഉൾപ്പെടുത്തുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : എല്ലാവരേയും എന്നു പറഞ്ഞാൽ മനസ്സിലാകുന്നില്ല.

ശ്രീ. കെ. ഭാർഗ്ഗവൻ : ഈ ലിസ്റ്റിനകത്തു് എല്ലാ കമ്മ്യൂണിറ്റിസിൽ നിന്നും കുറേ ഫൈഡായിട്ടുള്ള ആളുകളുണ്ടായിരിക്കും. അതിനപ്പുറത്തു എന്താണ് വേണ്ടതു് ?

(At this time Shri Ponnara G. Sreedhar also stood up)

Chairman : Order, order. Shri Sreedhar, please resume your seat. Another Member is on his legs.

ശ്രീ. കെ. ഭാർഗ്ഗവൻ : ഞാൻ ചോദിച്ചതിനു് മറുപടി കിട്ടിയില്ല.

Chairman : I do not wish to convert this into a question hour. According to me, he has answered that point already.

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ : സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ഇവിടെ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ എതിർക്കുകയാണ്. 11-ാം വകുപ്പിനെ സംബന്ധിച്ചുള്ള ഞങ്ങളുടെ അഭിപ്രായം ഞങ്ങളുടെ അഭിവന്ദ്യനേതാവു് ഇവിടെ പ്രകടിപ്പിച്ചു കഴിഞ്ഞു. അതിൽ കൂടുതലായി എന്തെങ്കിലും ഈ ഭാഗത്തുനിന്നും വീഴിക്കാമെന്നു് ആരെങ്കിലും വിചാരിച്ചാൽ അതു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജാർജ്ജ് ജോസഫ് പൊടിപ്പാറ]

നടക്കാൻ പോകുന്നില്ല. നിയമനത്തെ സംബന്ധിച്ച്, പ്രൈവറേറ സ്കൂളുകളിൽ നിയമനം നടത്താൻ ഉള്ള പരിപൂർണ്ണമായ അവകാശം മാനേജർമാർക്ക് ഉണ്ടായിരിക്കണമെന്നുള്ള താത്വികമായ അടിസ്ഥാനത്തിലാണ് ഈ ഭേദഗതിയുള്ളവർ നിലകൊള്ളുന്നത്. സഹകാര്യവിദ്യാലയങ്ങളുടെ പ്രൈവറേറ ഷിപ്പിനെ സംബന്ധിച്ചും, ഓണർഷിപ്പിനെ സംബന്ധിച്ചും അങ്ങനെ സാത്വികമായ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് ഒരു പ്രശ്നത്തെ കൈകാര്യം ചെയ്യുന്നതിനു പകരം മറേറതെങ്കിലും ഒരു വിഷയത്തിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് അതിനെ വീക്ഷിക്കേണ്ട ആവശ്യമില്ലെന്നു മൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വിദ്യാഭ്യാസബിൽ വന്നയവസരത്തിൽത്തന്നെ ഈ ഭേദഗതിനിന്നു അതിനെ സമീപിച്ചു രീതിയാക്കുന്നുണ്ടെന്നും വിശദമാക്കുന്നു. പ്രൈവറേറ സ്കൂളുകളെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ശവണ്ണൻ സ്കൂളുകളെപ്പോലെതന്നെ കൺട്രോളാകാം എന്നു ഞങ്ങൾ സമ്മതിക്കുന്നു. അതേസമയം കൺട്രോൾ എന്നു പറയുന്നതു മൊണോപ്പളി അല്ലെന്നും ഈ ഭേദഗതിനിന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെ അദ്ധ്യാപകൻ, കരിക്കുലം, പാഠപുസ്തകങ്ങൾ ഇങ്ങനെ എല്ലാ വിഷയങ്ങളെ സംബന്ധിച്ചും നിയന്ത്രണത്തിനു വിധേയമാകാമെന്നും മാനേജർമാർക്ക് നിയമനക്കാര്യത്തിൽ പരിപൂർണ്ണമായ അവകാശം അംഗീകരിച്ചുകിട്ടണമെന്നുമുള്ളതാണ് ഈ ഭേദഗതിനിന്നും ഉന്നയിച്ചിട്ടുള്ളതു്. അല്ലാതെ ഏതെങ്കിലും, ഒരു വിഭാഗത്തിനു് ഞങ്ങൾ എതിരാണെന്നു കാണിക്കുവാൻ ആരെങ്കിലും പരിശ്രമിക്കുന്നുണ്ടെങ്കിൽ അതു് മനസ്സിലാക്കുവാനുള്ള കഴിവു് ഈ രാജ്യത്തുള്ള പ്രബുദ്ധരായ ആളുകൾക്കുണ്ട്. സംവരണത്തെ സംബന്ധിച്ചു് വാതോരാതെ പ്രസംഗിക്കുന്നവർ, നിയമസഭയ്ക്കകത്തും പുറത്തും പ്രസംഗിക്കുന്നവർ, അഡ്മിനിസ്ട്രേറീവു് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ടു് ഈ സഭയിൽ അവതരിപ്പിച്ച അവസരത്തിൽ ഈ കമ്മ്യൂണിസ്റ്റ് പാർട്ടി എടുത്തിരുന്ന നിലപാടു് എന്തായിരുന്നു എന്നുള്ളതു് എല്ലാവർക്കും അറിവുള്ളതാണ്. ഭരണപരിഷ്കാരക്കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഇവിടത്തെ പട്ടികജാതിക്കാരേയും, പിന്നാക്കസമുദായങ്ങളേയും, സംബന്ധിച്ചു് പറഞ്ഞിട്ടുള്ള ഭാഗത്തെ ഈ ഭേദഗതിനിന്നും വളരെ ശക്തിയായി എതിർക്കുകയുണ്ടായി. അങ്ങനെ റിസർവേഷനുവേണ്ടി ഈ രാജ്യത്തെ പട്ടികജാതിക്കാർക്കും, പിന്നാക്കസമുദായങ്ങൾക്കും സംവരണം ലഭിക്കുന്നതിനായി ശക്തിയായി വാദിച്ച ഒരു പാർട്ടിയുടെ പ്രതിനിധിയാണെന്നു ഞാൻ അഭിമാനിക്കുന്നു. അങ്ങനെ പിന്നാക്കസമുദായങ്ങൾക്കും പട്ടികജാതിക്കാർക്കും ദോഷം സംഭവിക്കുന്നതായ ഭരണപരിഷ്കാരക്കമ്മിറ്റി റിപ്പോർട്ടിനെ അനുകൂലിക്കുന്ന ഒരു നിലപാടു സ്വീകരിച്ച ആ പാർട്ടിയാണ് ഇപ്പോൾ പിന്നാക്കസമുദായങ്ങളുടെ സംവരണത്തിന്റെ പേരിൽ ഏതെങ്കിലും തരത്തിൽ ഇന്നു് ആടിക്കൊണ്ടിരിക്കുന്ന ഈ ശവണ്ണൻറിനെ നിലനിറുത്താൻവേണ്ടി ഇങ്ങനെയുള്ള വാദങ്ങൾ കൊണ്ടുവരുന്നതു്. അതു മനസ്സിലാക്കാനുള്ള കഴിവു് ഈ രാജ്യത്തെ ജനങ്ങൾക്കുണ്ടെന്നു് ആവർത്തിച്ചു പ്രഖ്യാപിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടു് പിന്നാക്കസമുദായങ്ങളുടെ പ്രശ്നങ്ങൾ ഇതിൽ തെറ്റിദ്ധരിപ്പിച്ചുകൊണ്ടു് പൊതുജനശ്രദ്ധയെ മറേറ വഴിക്കു് തിരിച്ചുവിടാൻ ശവണ്ണൻ ശ്രമിക്കുകയാണ്. കമ്മ്യൂണിസ്റ്റുകാർ ഈ രാജ്യത്തു നടത്തുന്ന ഏകാധിപത്യഭരണത്തിനു് ജനങ്ങൾ എതിരായിക്കഴിഞ്ഞു. കഴിഞ്ഞ കാലത്തെ സി. പി. രാമസ്വാമി അയ്യരുടെ ഏകാധിപത്യപ്രവണതയോടുകൂടിയുള്ള ഭരണംപോലെതന്നെ നിങ്ങൾ ഭരണം നടത്തിക്കൊണ്ടു് ആ കസേരകളിൽ പിടിച്ചിരിക്കുവാൻ ശ്രമിക്കുന്നു. അതു് എത്രകണ്ടു പോകും എന്നുള്ളതു് കണ്ടറിയേണ്ടിയിരിക്കുന്നു. നിയമനത്തെ സംബന്ധിച്ചു പറയാനുള്ളതു് കോളിഫൈഡായ്ട്ടുള്ള സ്കൂളുകളിൽ പഠിപ്പിക്കാൻ കഴിവുള്ള എല്ലാ ആളുകളും ആ ലിസ്റ്റിൽ ഉണ്ടായിരിക്കണം എന്നാണ്. ആ ലിസ്റ്റിൽ നിന്നു നിയമിക്കുവാനുള്ള പരിപൂർണ്ണമായ അവകാശം മാനേജർക്കുണ്ടെന്നും ഈ ചട്ടത്തിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്. അതല്ലാതെ നിങ്ങൾക്കു് അധി

LIBRARY ARCHIVES Kerala Legislative Assembly

കാരത്തിൽ തുടരാൻ വേണ്ടിയുള്ള പരിശ്രമത്തിൽ തങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നതു് ഒരിക്കലും നടക്കാൻ പോകുന്നില്ല. അധികാരത്തിൽ തുടരാനുള്ള നിങ്ങളുടെ പരിശ്രമം ഒരിക്കലും നടക്കാൻ പോകുന്നില്ല എന്നുള്ളതു് ഈ രാജ്യത്തെ പാരമ്പര്യം അറിയാവുന്ന എല്ലാവർക്കുമറിയാം. 1946-47-ൽ സർ സി. പി. രാമസ്വാമി അയ്യർ സ്വീകരിച്ച അടവുതന്നെ ഇന്നത്തെ ഗവണ്മെൻറു് സ്വീകരിച്ചുവരുന്നതായി കാണുന്നു. അതൊന്നും വിലപ്പോവുകയില്ലെന്നു് ഈ തിരുവിതാംകൂർ ഭാഗത്തെങ്കിലും അതൊന്നും വിലപ്പോവുകയില്ലെന്നു് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണു്.....

ചെയർമാൻ: ആർഡർ, ആർഡർ. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8 മണിക്കു് വീണ്ടും കൂടുന്നതുമാണു്.

The Assembly adjourned at 1 p. m. to meet again at 8 a. m. on Friday, the 22nd May 1959.

LIBRARY ARCHIVES Kerala Legislative Assembly